നവംബർ 2008 വാല്യം 2 ലക്കം 7

**വേദാന്ത മാസിക**

സ്കൂൾ ഓഫ് വേദാന്തയുടെ മുഖപത്രം

**രക്ഷാധികാരികൾ**

ഡോ. പ്രഭാകരൻ എണ്ണക്കാത്തറ
സദാശിവൻ കെ.കെ.
ഡോ. കെ.വി. സത്യദേവ്
ശിവരാജൻ നങ്ങേലിൽ
ജയേഷ് സി. കെ.
വിനോദ് കുമാർ പി.ടി.
പ്രകാശൻ തൈക്കൂട്ടത്തിൽ
ഡോ. ശാന്തിമതി ഭാസ്കരൻ
നിരഞ്ജന ചേതന

**എഡിറ്റർ**

നിത്യ ചേതന

**എഡിറ്റർ-ഇൻ-ചാർജ്**

പ്രവീൺ വി.പി.

**പ്രൂഫ് റീഡിംഗ്**

സദാശിവൻ അയ്യങ്കുളം
ശബരി ചേതന

**ഗ്രാഫിക്സ്**

ബിപിൻ എൻ.പി.
രമണൻ ഒ.ടി.

**സർക്കുലേഷൻ മാനേജർ**

പ്രദീപ് കുമാർ കെ. ടി.

**പബ്ലിക് റിലേഷൻസ്**

സ്വനൂപ് വിശ്വം
ലക്ഷ്മി ആർ.

**ലീഗൽ അഡ്വൈസർ**

അഡ്വ. എൻ. എൻ. സുഗുണപാലൻ

## ഉള്ളടക്കം

എഡിറ്റോറിയൽ - 2
നിത്യ ചേതന

ഹെരാക്ലീറ്റസ് നദിയിലിറങ്ങിയപ്പോൾ - 5
സ്വാമി സുധി

ഈശ്വരൻ ഗുരുവിന്റെ കൺമുന്നിൽ
- 11
ഡോ. ടി. ഭാസ്കരൻ

നിത്യനികേതനം - 15
സരോജിനി എം. കെ.

അമ്മയുടെ ഉണ്മ അറിവിന്റെ തെളിമ - 16
സ്വാമി സുധി

മീരാഭജൻ - 23
അഷിത

യുദ്ധം മനുഷ്യമനസ്സിൽ അങ്കുരിക്കുന്നു - 24
സ്വാമി സുധി

സമാഗമത്തിന്റെ സുവിശേഷം - 31
സുനിൽ ടി. എ.

ഭഗവദ്ഗീതയിലെ യുദ്ധസങ്കല്പം - 32
സ്വാമി നിർമ്മലാനന്ദ ഗിരി

വൈദ്യവൃത്തി എന്റെ ധ്യാനം - 36
ഡോ. സുധീർ ഇ. പി.

ദൃശ്യരൂപങ്ങൾ കഥ പറയുമ്പോൾ - 42
പ്രവീൺ വി. പി; ജിഗീഷ് കെ.

വേദാന്ത വൃത്താന്തം - 48

എഡിറ്റോറിയൽ

# നന്മയും തിന്മയും

കഴിഞ്ഞ കുറേ ദിവസങ്ങളായി മാധ്യമങ്ങളിൽ അമേരിക്കൻ പ്രസിഡന്റിനെ തെരഞ്ഞെടുക്കുന്ന വാർത്തകളുടെ ബഹളമായിരുന്നു. അവസാനം കറുത്ത തൊലിയുള്ള ഒബാമ നാൽപ്പത്തിനാലാമത് അമേരിക്കൻ പ്രസിഡന്റായി. ചരിത്രത്തിൽ ആദ്യമായാണ് അമേരിക്കയിൽ ഒരു കറുപ്പൻ പ്രസിഡന്റാകുന്നത്. അതിനർത്ഥം അമേരിക്കയിലെ ജനങ്ങളുടെ മനോഭാവത്തിന് വലിയ മാറ്റങ്ങൾ വന്നുകൊണ്ടിരിക്കുന്നു എന്നാണ്. ഒരു മനുഷ്യന്റെ വ്യക്തിത്വം തൊലിയുടെ നിറംകൊണ്ട് അളക്കാനാകുമോ ?

പാശ്ചാത്യന്റെ ചരിത്രത്തിൽ കറുത്തവനെ അപരിഷ്കൃതനും നിന്ദ്യനുമായാണ് മുദ്രകുത്തിയിട്ടുള്ളത്. വെളുത്തവന്റെ ബുദ്ധി കറുത്തവന്റെ കായികബലത്തെ കീഴടക്കിനിറുത്തിയിരുന്ന നൂറ്റാണ്ടുകളാണ് കഴിഞ്ഞുപോയത്. ഇപ്പോൾ കറുത്തവന് അവസരം കിട്ടിയപ്പോൾ അവന്റെയും ബുദ്ധി പ്രകാശിക്കുമെന്ന് ബോദ്ധ്യമായി. അല്ലെങ്കിലും ബുദ്ധിക്ക് കറുപ്പും വെളുപ്പും ഇല്ലല്ലോ. സ്നേഹത്തിന് നിറമില്ലാത്തതുപോലെ.

എന്തുകൊണ്ടാണ് കറുപ്പിന് ഈ പാതിത്യം ഏറ്റുവാങ്ങേണ്ടിവന്നത് ? കറുപ്പിനു സൗന്ദര്യമില്ലേ ? വെളുപ്പ് വൃത്തിയുടെ നിറവും കറുപ്പ് വൃത്തിരാഹിത്യത്തിന്റെ നിറവുമായി കുറേ ഏറെപ്പേരെങ്കിലും കരുതുന്നുണ്ട്. തൊലിയുടെ നിറം കറുത്തുപോകുന്നത് സൂര്യപ്രകാശം ഏൽക്കുമ്പോഴാണ്. മണ്ണിൽ പണിയെടുക്കുന്ന ആളുകളുടെ തൊലി

കറുത്തുപോകാറുണ്ട്. ഭാരതത്തിലെ ആദിമ ദ്രാവിഡരെല്ലാം ഇരുണ്ട നിറക്കാരായിരുന്നു. കറുപ്പും വെളുപ്പും എന്ന ഈ വിവേചനം വംശീയവിദ്വേഷമായി പിന്നീടു പടർന്നു പിടിച്ചതായിരിക്കണം.

ഭാരതത്തിൽ ഒരിക്കലും അങ്ങനെയൊരു വിവേചനം ഉണ്ടായിരുന്നില്ല. കാരണം ഭാരതത്തിലെ ഏറ്റവും ആദരണീയ വ്യക്തിത്വങ്ങളായ രാമനും കൃഷ്ണനും കറുത്തവരാണ്. അവരുടെ കറുപ്പിന്റെ അഴകിനെ വർണ്ണിച്ചുകൊണ്ട് കവിതകളും ഗീതങ്ങളും ഇവിടെ എഴുതപ്പെട്ടിട്ടുണ്ട്. കൃഷ്ണന്റെ പേര് ശ്യാം എന്നാണ്. ശ്യാം എന്നാൽ കറുപ്പൻ എന്നാണർത്ഥം. ഇങ്ങനെയുള്ള ചിന്തകളൊക്കെ എന്റെ മനസ്സിൽക്കൂടെ കടന്നുപോയി. ഒബാമ എന്ന ശ്യാമവർണൻ ഇനി ചെറുപ്പക്കാരുടെ ആരാധനയ്ക്കും പാത്രമായേക്കാം. നാളെ ഒബാമയിലൂടെ ഒരു നവലോകരചനതന്നെ സംഭവിച്ചേക്കാം.

പത്രപാരായണം നിറുത്തി വെറുതെ മുറ്റത്തേക്കും നോക്കി ഇരുന്നപ്പോൾ എവിടെനിന്നോ ഒരു ചാവാലിപ്പട്ടി ഓടിവന്ന് മുറ്റത്തുകിടന്ന് പിടയാൻ തുടങ്ങി. എന്താ അത് പിടയുന്നത് ? അതിന്റെ കഴുത്തിൽ ഒരു പൊട്ടിയ തുടലുണ്ടായിരുന്നു. അയ്യോ! അത് മരിക്കുകയാണല്ലോ. അതിന്റെ വായിൽനിന്ന് നുരയും പതയും വരുന്നല്ലോ. അപ്പോഴേക്കും അതിന്റെ തൊണ്ടയിൽനിന്ന് ചില ശബ്ദങ്ങൾ പുറപ്പെട്ടു. വേദനകൊണ്ടായിരിക്കണം അതു വിസർജ്ജിക്കുന്നുണ്ടായിരുന്നു. അല്പനിമിഷങ്ങൾക്കുള്ളിൽതന്നെ അത് നിശ്ചലമായി. ഞാൻ ശബ്ദം വച്ചതുകൊണ്ടായിരിക്കണം ചുറ്റുപാടുനിന്നൊക്കെ കുറച്ചാളുകൾ വന്നു. അതു കുറച്ചടുത്തുള്ള ഒരാളുടെ വളർത്തുപട്ടിയായിരുന്നു. അദ്ദേഹം ആ പട്ടിക്ക് വിഷംകൊടുത്തതായിരുന്നു. അതു ആശ്രമത്തിന്റെ മുമ്പിൽ വന്നുകിടന്ന് പിടഞ്ഞു മരിച്ചു.
മനുഷ്യർ വളർത്തുന്ന ജീവികളെ കൊല്ലുന്നത് എത്രമാത്രം ഹൃദയകഠോരത ഉള്ളതുകൊണ്ടാണ്! കോഴികളേയും ആടുമാടുകളേയും ഒക്കെ മനുഷ്യർ വളർത്തിയതിനുശേഷം കൊന്നുതിന്നുന്നു.
അവനിലെ ആർദ്രമായ ചില തലങ്ങൾ വരണ്ടുണങ്ങി പൊയ്ക്കൊണ്ടിരിക്കുകയാണ്.

ഒബാമയുടെ കാര്യം ഞാൻ മറന്നുകഴിഞ്ഞു. ആളുകൾ ലോകത്തിലെ വലിയ കാര്യങ്ങൾ ചർച്ചചെയ്യുമ്പോൾ കൊച്ചുകൊച്ചുകാര്യങ്ങൾ മറന്നുപോകാറുണ്ട്. നമ്മുടെ വീട്ടിൽതന്നെ താമസിക്കുന്ന ഒരാളുടെ സുഖം നമ്മൾ അന്വേഷിക്കാറില്ല. പകരം നമ്മൾ പത്രം വായിച്ച് ക്യൂബയിലേയും വിയറ്റ്നാമിലേയും ഉഗാണ്ടയിലേയും കാര്യങ്ങൾ പറഞ്ഞ് വഴക്കടിക്കും. വാസ്തവത്തിൽ നന്മ വളർന്നുവരേണ്ടത് നാം ജീവിക്കുന്നിടത്തു നിന്നുതന്നെയാണ്. ആദ്യം നാം സ്വയം നന്മയുള്ളവരായിരിക്കുക. പിന്നെ ചുറ്റുപാടുകളിലേക്ക് അത് വ്യാപിച്ചുകൊള്ളും. നന്മയ്ക്ക് വ്യാപനസ്വഭാവമുണ്ട്. അത് പൂക്കളുടെ മണംപോലെയാണ്. എത്ര മറച്ചുവച്ചാലും നന്മ എത്തേണ്ടിടത്തൊക്കെ എത്തും.

ഇപ്രാവശ്യത്തെ മാസികയിൽ ഭഗവദ്ഗീതയിലേക്കുള്ള ഒരു പടിവാതിൽ എന്ന നിലയ്ക്ക് രണ്ടു ലേഖനങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. കഴിഞ്ഞ പ്രാവശ്യം ചുവാങ്സുവിനെ നിങ്ങൾ പരിചയപ്പെട്ടു. ഇപ്രാവശ്യം ഗ്രീസ്സിലെ ഹെരാക്ലീറ്റസാകട്ടെ. ജനനീ നവരത്നമഞ്ജരിയുടെ വ്യാഖ്യാനം തുടരുന്നുണ്ട്. 'ദ റിട്ടേൺ' എന്ന സിനിമ കാണുവാൻ നിങ്ങൾക്ക് ആഗ്രഹം ഉണ്ടെങ്കിൽ ഞങ്ങളുമായി ബന്ധപ്പെടാം. ശ്രീ. രാഘവൻ തിരുമുൽപ്പാടിന്റെ അഭിമുഖം അദ്ദേഹത്തിന്റെതന്നെ ശിഷ്യനായ ഡോ. സുധീറാണ് തയ്യാറാക്കിയിരിക്കുന്നത്. എല്ലാം വായിച്ച് നിങ്ങളുടെ അഭിപ്രായങ്ങളും പ്രതികരണങ്ങളും ഞങ്ങളെ അറിയിക്കണം.

ഈ ലോകത്ത് ആന്തരികമായും ബാഹ്യമായും വികസിക്കുവാനുള്ള വഴികൾ നമുക്ക് മഹാത്മാക്കളുടെ വചനങ്ങളിലൂടെ അന്വേഷിച്ചുനോക്കാം. നിങ്ങളുടെ സുഹൃത്തുക്കൾക്കാർക്കെങ്കിലും ഗുരുരാഗം മാസിക വേണമെന്ന് ആഗ്രഹമുണ്ടെങ്കിൽ ഞങ്ങളെ അറിയിക്കുമല്ലോ...

ഗുരുകൃപയിൽ


നിത്യ ചേതന

കിഴക്കും പടിഞ്ഞാറും

സ്വാമി സുധി



# ഹെരാക്ലീറ്റസ് നദിയിലിറങ്ങിയപ്പോൾ...



ഹെരാക്ലീറ്റസ് പുരാതനഗ്രീസിൽ ജീവിച്ചിരുന്ന ഒരു ദാർശനികനായിരുന്നു. ഋഷി എന്നു പറയുന്നതായിരിക്കും ഉത്തമം. ഏകദേശം ക്രിസ്തുവിനുമുമ്പ് ആറാം നൂറ്റാണ്ടിലാണ് അദ്ദേഹം ജീവിച്ചിരുന്നത്. അക്കാലത്ത് ഗ്രീസ്സ് ദാർശനികന്മാരുടെ ഈറ്റില്ലമായിരുന്നു. ഭാരതത്തിൽ ബുദ്ധനും വർദ്ധമാനമഹാവീരനും, പേർഷ്യയിൽ സരതുഷ്ട്രയും, ചൈനയിൽ ലാവോത്സുവും കൺഫ്യൂഷ്യസും ജീവിച്ചിരുന്ന അതേ കാലഘട്ടത്തിൽതന്നെയാണ് ഹെരാക്ലീറ്റസും ഗ്രീസ്സിൽ ജീവിച്ചിരുന്നത്. ഈ കാലഘട്ടം ലോകത്താകമാനംതന്നെ പ്രബുദ്ധതയുടെ കാലഘട്ടമായി അറിയപ്പെടുന്നു. അതുപോലെയൊരു മനീഷികളുടെ സംഗമം ഒരു കാലഘട്ടത്തിലും ലോകത്തിൽ ഉണ്ടായിട്ടില്ല.

ഹെരാക്ലീറ്റസിനെ മനസ്സിലാക്കാൻ വളരെ പ്രയാസമാണ്. ഒരിക്കൽ ദാർശനികനായ യൂറിപ്പിഡിസ് സോക്രട്ടീസിന് ഹെരാക്ലീറ്റസ് എഴുതിയ ഒരു പുസ്തകം കൊടുത്തു. സോക്രട്ടീസ് അതു വായിച്ചതിനുശേഷം പറഞ്ഞു: "ഞാൻ മനസ്സിലാക്കിയിടത്തോളം അദ്ദേഹത്തിന്റെ അറിവ് അത്യുജ്ജ്വലമാണ്. എനിക്കു മനസ്സിലാകാത്തതും അത്യുജ്ജ്വലമായിതന്നെ ശോഭിക്കു

ന്നു. അദ്ദേഹത്തിന്റെ ദർശന ത്തിന്റെ അടിത്തട്ട് കണ്ടെത്താൻ നല്ലൊരു മുതലക്കൂപ്പുകുത്താതെ രക്ഷയില്ല."

ഹെരാക്ലീറ്റസിന്റെ വചനങ്ങ ളിൽ വ്യക്തതയേകാതെ നിൽക്കുന്ന ഒരുപാടു ഘടകങ്ങളു ണ്ടെന്നും പറയപ്പെടുന്നു. അതു കൊണ്ട് 'നിഗൂഢതയുടെ ഋഷി' എന്നും അദ്ദേഹത്തെ വിളിച്ചിരു ന്നു. അതുവരെ ഗ്രീസിൽ നിലനി ന്നിരുന്ന ചിന്തയ്ക്ക് കടകവിരുദ്ധ മായ ഒരു സമീപനമാണ് ഹെരാക്ലീ റ്റസ് എടുത്തത്. പ്രപഞ്ചത്തിനു കാരണമായ ഒരു വസ്തുവിനെക്കു റിച്ചാണ് ഗ്രീസിലെ ചിന്തകന്മാർ ചിന്തിച്ചുകൊണ്ടിരുന്നത്. തെയ്‌ലിസ് എന്ന ചിന്തകൻ പറ ഞ്ഞത് ജലമാണ് പ്രപഞ്ചത്തിന്റെ ആദികാരണം എന്നാണ്. അനക്സി മെനസ് വായുവിനെ ആദികാരണ മായി കണ്ടു. അനക്സിമാന്റർ അന ന്തമായ ഒരു പിണ്ഡത്തെ വിഭാ വനം ചെയ്തു. ഇവയെല്ലാം പ്രപ ഞ്ചത്തിന് സൈഥതികമായ ഒരാദിമ സത്തയുണ്ടെന്നുള്ള അന്വേഷണ ങ്ങളായിരുന്നു. പക്ഷേ ഈ അന്വേ ഷണങ്ങളും കണ്ടെത്തലുകളും ദാർശനികരിൽ ഒരുവിധത്തിലുമുള്ള പൂർണതയും കൊണ്ടുവരുന്നില്ല. മനുഷ്യൻ അന്വേഷണത്തിന്റെ അന്ത്യത്തിൽ പൂർണനാകണം. ഇനി ഒന്നും അനുഭവിക്കാനില്ല എന്നൊരു നിറവുണ്ടാകണം. എന്നാൽ ഹെരാക്ലീറ്റസിനു മുമ്പുള്ള ആരിലും ഈ നിറവില്ലാത്തതുകൊ ണ്ടായിരിക്കണം ഹെരാക്ലീറ്റസ് ആ വഴി പിൻതുടരാതിരുന്നത്.

ഒരുദിവസം ഹെരാക്ലീറ്റസ് ഇങ്ങനെയുള്ള വിചാരങ്ങളുമായി അടുത്തുള്ള നദിയിൽ കുളിക്കാൻ പോയി. വെള്ളത്തിന് നല്ല ഒഴുക്കു ണ്ടായിരുന്നു. കുളിക്കാനായി അദ്ദേഹം നദിയിൽ ഇറങ്ങിയ പ്പോൾ അദ്ദേഹത്തിന്റെ ഉള്ളിൽ ജ്ഞാനത്തിന്റെ ഒരു മിന്നായം സംഭവിച്ചു. ഹെരാക്ലീറ്റസിന് ബോധോദയമുണ്ടായി. എന്തെ ന്നാൽ ഹെരാക്ലീറ്റസ് നദിയിലേക്ക് ഓരോ ചുവട് വച്ചപ്പോഴും തന്റെ കാലിന്നടിയിലെ നദി ദ്രുതഗതി യിൽ ഒഴുകിപ്പോകുന്ന അനുഭവം അദ്ദേഹത്തിനുണ്ടായി. നദി അദ്ദേ ഹത്തിനൊരു ഗുരുവായി മാറി. പ്രപഞ്ചം ചലനാത്മകമാണ്. ഈ ചലനാത്മകതയെ നാം സ്വീകരി ക്കുവാൻ മടിക്കുന്നിടത്തുനിന്നാണ് നമ്മുടെ പ്രശ്നങ്ങൾ ഉടലെടുക്കു ന്നത്. 'ഒരു നദിയിൽ നിങ്ങൾക്ക് രണ്ടു പ്രാവശ്യം കാലു കുത്താൻ കഴിയുകയില്ല' എന്ന വിഖ്യാതവ ചനം ഹെരാക്ലീറ്റസിന്റേതാണ്. നദി എന്നത് ജീവിതത്തിന്റെ മനോഹര മായ ഒരു ഉപമാനമാണ്.

ഓരോ മനുഷ്യനും പ്രവാഹവേ ഗമുള്ള ഈ ജീവിതനദിയിലാണ് ജനിക്കുന്നതും നിലനിൽക്കുന്നതും മരിക്കുന്നതും. ഒഴുക്കിനെ അവൻ പ്രതിരോധിക്കുമ്പോൾ അവൻ അസ്വസ്ഥനാകുന്നു. പ്രക്ഷോഭത്തി ലേക്കും അമർഷത്തിലേക്കും നിരാ ശയിലേക്കും നിപതിക്കുന്നു. ജീവി തത്തെ സൈഥതികമായി കണ്ടെ ത്താനുള്ള ശ്രമങ്ങളിൽനിന്നാണ്

മനുഷ്യരിൽ ഈ ദുഃഖം ഉണ്ടാകുന്നത്. അതുകൊണ്ടാണ് ഹെരാക്ലീറ്റസ് പറയുന്നത് സ്ഥൈതികത (permanence) മിഥ്യയാണെന്ന്.

ഭാരതത്തിൽ ശ്രീബുദ്ധനും ഈ തത്ത്വത്തെ കൂടുതൽ പരിഷ്ക്കരിച്ചെടുത്തു. ബുദ്ധൻ പറഞ്ഞത് ആകാശവിതാനങ്ങളിലൂടെ പാഞ്ഞുപോകുന്ന മേഘച്ചീന്തുകൾപോലെയാണ് ജീവിതത്തിലെ എല്ലാ അനുഭവങ്ങളും എന്നാണ്. അനുഭവങ്ങളെല്ലാം ക്ഷണികങ്ങളാണ്. അനുഭവങ്ങളിൽ സ്ഥിരത വരണമെന്ന് ശഠിക്കുന്നത് പാപമാണ്. അതാണ് ബുദ്ധന്റെ 'അനാത്മവാദം'. ബുദ്ധന്റെ സംജ്ഞ പ്രകാരം ആത്മാവ് സ്ഥൈതികവും അനാത്മാവ് ഗതീയവുമാണ്. ഹെരാക്ലീറ്റസും ബുദ്ധനും ദാർശനികതയിലെ സമാന്തരങ്ങളാണ്.

ഒരിക്കൽ മുല്ലാ നസറുദ്ദീൻ ഒരു സൈക്യാട്രിസ്റ്റിനെ കാണാനായി പോയി. നസറുദ്ദീൻ ഡോക്ടറോട് പറഞ്ഞു: "ഡോകടർ എന്റെ വ്യക്തിത്വത്തെ ഒന്നു പിളർത്തിത്തരാമോ ?" ഡോക്ടർ അൽഭുതം കൂറി: "നിങ്ങൾ എന്തബദ്ധമാണ് പറയുന്നത് ? വ്യക്തിത്വത്തെ പിളർക്കുന്നത് രോഗമാണ്. ഇവിടെ പിളർന്ന വ്യക്തിത്വത്തെ ചേർക്കാനാണ് ആളുകൾ വരുന്നത്." അപ്പോൾ നസുറുദ്ദീൻ പറഞ്ഞു:

"അതല്ല ഡോക്ടർ, എന്റെ വ്യക്തിത്വം ഒന്നായിരിക്കുന്നതുകൊണ്ട് ഞാനിപ്പോൾ കടുത്ത ഏകാന്തത അനുഭവിക്കുകയാണ്."

മുല്ലാ നസറുദ്ദീൻ ഒറ്റപ്പെട്ട സംഭവമല്ല. ഏകാന്തത ഒഴുക്കിനെ സ്വീകരിക്കാനുള്ള വൈമുഖ്യത്തി



ൽനിന്നാണ് ഉടലെടുക്കുന്നത്. ഭഗവാൻ കൃഷ്ണൻ അർജ്ജുനന്റെ വിഷാദാത്മകതയെ ഭഞ്ജിക്കുന്നത് മുമ്പിൽ കാണുന്ന പ്രപഞ്ചത്തിലെ പ്രവാഹഗതിയെ വെളിപ്പെടുത്തിക്കൊണ്ടാണ്.

ജാതസ്യ ഹി ധ്രുവോ മൃത്യുഃ
ധ്രുവം ജന്മ മൃതസ്യ ച
തസ്മാദപരിഹാര്യƒർത്ഥേ
നത്വം ശോചിതുമർഹസി.

ജനിച്ചതിന് മരണമുണ്ട്. അതുറപ്പാണ്. മരിച്ചതിന് ജനനവും ഉറപ്പാണ്. ഈ ചാക്രികമായ

ഒഴുക്കിനെ തടുക്കാൻ ആർക്കും കഴിയില്ല. അപരിഹാര്യമായ ഇക്കാര്യത്തിൽ വിഷമിച്ചിട്ടു കാര്യമില്ല.

പ്രപഞ്ചത്തിന്റെ ഗതീയതയെ (flux) നാം മനസ്സിലാക്കണം. അവിടെ ഹെരാക്ലീറ്റസ് തന്റെ രണ്ടാമത്തെ തത്ത്വം അവതരിപ്പിക്കുന്നു. 'പ്രപഞ്ചത്തിൽ എല്ലാം വൈരുദ്ധ്യങ്ങളാണ്. വൈരുദ്ധ്യങ്ങളിലൂടെയാണ് പ്രപഞ്ചം മുന്നേറുന്നത്.' ഹെരാക്ലീറ്റസ് പറയാതെ തന്നെ ഇക്കാര്യം നമുക്കറിയാവുന്നതാണ്. വെളിച്ചം - ഇരുട്ട് ഇതൊരു വൈരുദ്ധ്യമാണ്. വെളിച്ചത്തിന്റെ പ്രതിദ്വന്ദ്വമാണ് ഇരുട്ട്. സ്നേഹത്തിന്റെ വിരുദ്ധഭാവമാണ് ദ്വേഷം. തണുപ്പുണ്ടെങ്കിൽ ഉഷ്ണവുമുണ്ട്. മേലും കീഴും ഒരേ പ്രതലത്തിന്റെ രണ്ട് മുഖങ്ങളാണ്. വൈരുദ്ധ്യങ്ങളുമായി ഒരിക്കലും സംഘട്ടനത്തിലേർപ്പെടാൻ പാടില്ല. സംഘട്ടനത്തിൽ ഏർപ്പെടുകയാണെങ്കിൽ സമന്വയത്തിലേക്ക് എത്തിച്ചേരുകയും വേണം. ഹെരാക്ലീറ്റസിന്റെ മഹത്തായ സംഭാവന എന്നു പറയുന്നത് - 'എല്ലാ വൈരുദ്ധ്യങ്ങൾക്കും പിന്നിൽ മറഞ്ഞിരിക്കുന്ന ഒരു ലയമുണ്ടെന്ന (harmony) കണ്ടെത്തലാണ്.' ആ ലയത്തെ വേണമെങ്കിൽ 'ഐകാത്മ്യത' (unity) എന്നു വിളിക്കാം. ഈ ചൊല്ല് ചെന്നെത്തുന്നത് ഔപനിഷദമായ അനേകങ്ങൾക്ക് നിദാനമായ ഏകത്വത്തിലേക്കാണ്. പക്ഷേ ഏകത്തെ ഒരു വസ്തുവായി ഹെരാക്ലീറ്റസ് എണ്ണുന്നില്ലെന്നു മാത്രം. സർവത്തിനേയും സമന്വയിപ്പിക്കുന്ന അടിസ്ഥാനഭൂമികയെ ഉപനിഷത്ത് 'സത്ത' എന്നാണ് നാമകരണം ചെയ്തത്. ഹെരാക്ലീറ്റസ് ആ തലത്തെ 'ലോഗോസ്' എന്നു വിളിച്ചു. ലോഗോസ് ലയമാണ്. അറിവിലെ സമീകരണം. ലോഗോസ് ജീവിതത്തിന്റെ സംഗീതമാണ്. പ്രപഞ്ചത്തിന്റെ താളാത്മകതയാണ്. വൈദിക ഋഷിമാർ 'ഋതം' എന്ന ഓമനപ്പേരിട്ട് വിളിച്ചത് ഈ താളസുഷമയെയാണ്.

എല്ലാ പൊട്ടിത്തെറികളും പ്രശാന്തതയിൽവന്ന് അടങ്ങുന്നു. ഹെരാക്ലീറ്റസ് ശുഭാപ്തിവിശ്വാസക്കാരനാണ്. എന്നാലും ഹെരാക്ലീറ്റസിനെ മനസ്സിലാക്കുക എന്നത് വലിയൊരു സാഹസമാണ്. കാരണം, അദ്ദേഹം പറഞ്ഞത്, ഏറ്റുമുട്ടലുകളാണ് സർവത്തിന്റേയും പിതാവ് എന്നാണ്. ഏറ്റുമുട്ടലുകളെ അദ്ദേഹം യുദ്ധമെന്നു വിളിച്ചു. നമുക്കറിയാവുന്ന കാര്യമാണിതെല്ലാം. ഒരു നിമിഷംപോലും നമുക്ക് ഏറ്റുമുട്ടലില്ലാതെ കടന്നുപോകാൻ കഴിയില്ല. ജോലികഴിഞ്ഞു തിരിച്ച് വീട്ടിലെത്താൻ അല്പം വൈകിയ ഭർത്താവിനോട് ഭാര്യ തട്ടിക്കയറുന്നു. അവിടെ കലഹം ഒരു ഏറ്റുമുട്ടലായി മാറുന്നു. കുടുംബത്തിൽത്തന്നെ യുദ്ധത്തിന്റെ നാമ്പുകളുണ്ട്. പക്ഷേ രാത്രി ഉറങ്ങാൻ കിടക്കുന്ന സമയത്ത് ഭർത്താവ് ഭാര്യയുടെ കൈയിൽപിടിച്ച് ചോദിക്കും: "പ്രിയേ, നീ എന്നോട് പിണങ്ങിയോ ?" ആ ചോദ്യം ഉത്തരമില്ലാത്ത മൗനത്തിൽ

സമീകരിക്കുകയും പിന്നീടവർ ഒന്നായിത്തീരുകയും ചെയ്യും. അവിടെയാണ് ഹെരാക്ലീറ്റസ് അദൃശ്യമായ ലയത്തെ പ്രതിഷ്ഠിക്കുന്നത്.

യോഹന്നാന്റെ സുവിശേഷത്തിൽ ലോഗോസ് വചനമാണ്. വചനം ദൈവമാണ്. ലോഗോസ് ജീവിതാനുഭവങ്ങളിൽ അന്തരസ്ഥമായി വരുന്ന ലയമാണ്. ലോഗോസ് ഭാഷയുടെ പ്രകാശമിയന്ന ആദിരൂപമാണ്. ഒരുവൻ തന്റെ ഭാഷയിൽ ലോഗോസിന്റെ സ്പർശം ആവാഹിക്കുമ്പോൾ ദൈവത്തിന്റെ പ്രവാചകനായി മാറുന്നു. ഉള്ളുണർന്ന മുക്തപന്മാർക്ക് അതുകൊണ്ട് വ്യക്തിയിലും സമൂഹത്തിലും സ്വാഭാവികമായ താളലയം പുനഃസ്ഥാപിക്കാൻ കഴിയുന്നു. ലോഗോസ് അനേകം മണികളെ ചേർത്തു നിർത്തുന്ന മാലയിലെ നൂലുപോലെയാണ്. യോഹന്നാന് ലോഗോസിന്റെ ജ്ഞാനം ഉണ്ടായത് ഹെരാക്ലീറ്റസിന്റെ പാരമ്പര്യത്തിൽനിന്നാണ്.

നാരായണഗുരു ഹെരാക്ലീറ്റസുമായി ഏറ്റവും അടുത്തു നിൽക്കുന്ന ബുദ്ധനാണ്. ഒരു വശത്തുനിന്നു ഗുരു പറയുന്നു:

കടലിലെഴും തിരപോലെ കായമോരോ-
ന്നുടനുടനേറിയുയർന്നമർന്നിടുന്നു;
മുടിവിതിനെങ്ങിതു ഹന്ത! മൂലസംവിത്
കടലിലജസ്രവുമുള്ള കർമ്മമത്രേ.

ഗുരു ഇവിടെ നദിയെയല്ല ഉപമാനമാക്കുന്നത്. കടലിനെയാണ്. നദിയേക്കാൾ പ്രക്ഷുബ്ധമായ ചലനത്തിന്റെ നിദർശനമാണ് കടൽ. ആധുനികമനുഷ്യനിന്ന് കടലിലെ തിരപോലെയാണ്. കരയിൽവന്ന് ആഞ്ഞടിക്കുകയും തിരിച്ച് പതഞ്ഞുനുരഞ്ഞ് കടലിൽ ലയിക്കുകയും ചെയ്യുന്ന തിര നമ്മുടെ ജീവിതത്തിന്റെ ഉത്തമദൃഷ്ടാന്തമാണ്. നാം എത്രപെട്ടെന്നാണ് പൊട്ടിത്തെറിക്കുന്നതും പൊട്ടിച്ചിരിക്കുന്നതും. തിരയുടെ സംഹാരാത്മകതയും പതഞ്ഞുനുരഞ്ഞുള്ള പൊട്ടിച്ചിരിയും മനുഷ്യജീവിതത്തിൽ സമീകരിക്കുന്ന ഗുരു ഭാരതത്തിലെ ഹെരാക്ലീറ്റസാണ്. അതുകൊണ്ട് ബാഹ്യലോകത്തെ ഗുരു നിഷേധിക്കുന്നില്ല. മാറിമാറിവരുന്ന ജീവിതത്തിന്റെ തരംഗമാലകളെ സമന്വയിപ്പിക്കുന്നതിന് ഗുരു പിന്നീട് അവതരിപ്പിക്കുന്ന ഒരു ശ്ലോകം ഇങ്ങനെയാണ്:

സ്ഥിതിഗതിപോലെ
വിരോധിയായ സൃഷ്ടി-
സ്ഥിതിലയമെങ്ങൊരു
ദിക്കിലൊത്തു വാഴും?
ഗതിയിവ മൂന്നിനു-
മെങ്ങുമില്ലിതോർത്താൽ
ക്ഷിതി മുതലായവ
ഗീരു മാത്രമാകും.

ബുദ്ധനേയും ഒരുപക്ഷേ ഹെരാക്ലീറ്റസിനെപ്പോലും അമ്പരിപ്പിക്കുന്ന പ്രഖ്യാപനമാണ് ഗുരു നടത്തുന്നത്. സത്യം സ്ഥൈതികവുമല്ല. ഗതീയവുമല്ല. എങ്ങനെയാണ് ചലിക്കുന്ന ഒന്നിന് നിശ്ചലമാകാൻ കഴിയുന്നത് ? നിശ്ചലമായിരിക്കുന്ന ഒന്നിന് ചലിക്കാൻ കഴി

യുന്നത് ? സൃഷ്ടി, സ്ഥിതി, ലയം ഇവ മൂന്നും ഒരിടത്ത് ഒരു സമയത്ത് എങ്ങനെ സംഭവിക്കും ? സൃഷ്ടി ഒരു പ്രക്രിയയാണ്. സ്ഥിതി പ്രക്രിയയുടെ വിരാമമാണ്. വിലയനം വീണ്ടും ഒരു പ്രക്രിയയാണ്. രണ്ട് പ്രക്രിയകൾക്കിടയിൽ സ്ഥിതിയെ നിവേശിപ്പിക്കുന്നത് സാന്റ്‌വിച്ച് ഉണ്ടാക്കുന്നതുപോലെയാണ്. രണ്ട് ബ്രഡ്ഡുകളെടുത്ത് നടുവിൽ മസാലക്കൂട്ട് തിരുകിവച്ചാണ് സാന്റ്‌വിച്ച് ഉണ്ടാക്കുന്നത്. തത്ത്വപരമായി നോക്കുമ്പോൾ ഇതൊരു വൈരുധ്യമാണ്. പക്ഷേ ജീവിതം ഈ വൈരുദ്ധ്യങ്ങൾക്കെല്ലാമപ്പുറത്ത് സമഞ്ജസമായി നടക്കുന്നുണ്ട്. നമ്മൾ ആശയങ്ങളുടെയും വാക്കുകളുടെയും ധാരാളിത്തത്തിൽ ആമഗ്നരായിത്തീരാതിരുന്നാൽ മതി. വാക്കുകൾ മഴവെള്ളപ്പാച്ചിൽപ്പോലെയാണ്. അതിൽപ്പെട്ടാൽ നമ്മെ പുറത്തെടുക്കാൻ പ്രയാസമാണ്. അതുകൊണ്ട് ഹെറാക്ലീറ്റസ് എല്ലാ അനുഭവങ്ങളിലും ലയത്തെ ദർശിക്കണമെന്ന് പറയുന്നു. ലയം പ്രത്യക്ഷത്തിൽ കാണുന്നില്ലെങ്കിലും മറഞ്ഞിരിക്കുന്നുണ്ട്. മറഞ്ഞിരിക്കുന്നതിനെ പോയി കണ്ടെത്തി ജീവിക്കാനുള്ള ജിജ്ഞാസ മനുഷ്യനുണ്ടാകണം. ലയത്തെ ദർശിച്ചവൻ ഒരു ബുദ്ധനാണ്... ഒരു സൂഫിയാണ്... ഒരു ഋഷിയാണ്...


ഗുരുരാഗം

വേദാന്ത മാസിക വായിക്കുക വരിക്കാരാവുക

പേര്.................................................................

വിലാസം.............................................................

പോസ്റ്റ്.................................പിൻ കോഡ്.....................

സ്ഥലപ്പേര്/റോഡ്..........................ജില്ല..............................

ഫോൺ.................................മൊബൈൽ................................

1 വർഷം 120 രൂപ

2 വർഷം 240 രൂപ

ആജീവനാന്തം 1500 രൂപ

മാസിക വേണ്ടവർ M.O. അയയ്ക്കുക

മാനേജർ, നിത്യനികേതനം, ചെത്തിക്കോട് പി.ഒ.

കാഞ്ഞിരമറ്റം, എറണാകുളം-682315, ഫോൺ-0484-2749819

ഡോ. ടി. ഭാസ്കരൻ



# ഈശ്വരൻ ഗുരുവിന്റെ കൺമുന്നിൽ

നിരന്തരമുള്ള ധ്യാന സാധനയുടെ ഫല മായി ഗുരുവിനു ശ്രീകൃഷ്ണദർശനം ലഭിച്ചു. ഒരു ദിവസം ആവിഷ്ടനെപ്പോലെ ആരെയോ പിൻതുട രുന്ന മട്ടിൽ ഗുരു ഓടി. ഒരു തോട്ടിൽ ബോധംകെട്ടു വീണു. ബോധമുണർന്ന പ്പോൾ എന്തുപറ്റി എന്നു മറ്റുള്ളവർ അന്വേഷിച്ചു. തനിക്കു ശ്രീകൃഷ്ണദർശനം ഉണ്ടായതായി പറഞ്ഞു.

വാരണപ്പള്ളി തറവാട്ടിലും കുറച്ചു കാലം അതിന്റെ ശാഖയായ കുന്നത്തുതറവാട്ടിലും താമസിച്ചുകൊണ്ടാണു നാണു എന്നു വിളിപ്പേരുള്ള നാരായണൻ (പിൽക്കാലത്തു ശ്രീനാരായണഗുരുവും ശ്രീ നാരായണഗുരുസ്വാമികളും ശ്രീ നാരായണഗുരുസ്വാമി തൃപ്പാദങ്ങളും ശ്രീ നാരായണഗുരുദേവനും) സംസ്കൃതത്തിൽ ഉപരിവിദ്യാഭ്യാസം നടത്തിയത്. അന്നു കേരളത്തിലാകെ പ്രസിദ്ധിയുണ്ടായിരുന്ന കുമ്മമ്പള്ളി രാമൻപിള്ള ആശാനായിരുന്നു ഗുരുവിന്റെ ഗുരു. ചെമ്പഴന്തിയിൽവച്ചു നയിച്ചിരുന്ന ഭക്തന്റെ ജീവിതചര്യ തുടരാനുള്ള സാഹചര്യം വാരണപ്പള്ളിയിൽ ഉണ്ടായിരുന്നു. ഗുരു അതു തുടരുകയും ചെയ്തു. കാലത്തു നേരത്തേ എഴുന്നേറ്റു ദിനചര്യകൾ കഴിച്ചു ക്ഷേത്രദർശനം നടത്തുക പതിവാക്കി. ആ തറവാട്ടിൽത്തന്നെ ശിവക്ഷേത്രമുണ്ടായിരുന്നു. പക്ഷേ ഗുരുവിന്റെ അന്നത്തെ ഇഷ്ടദേവത ശ്രീകൃഷ്ണനായിരുന്നു. ഇരുപ്പിലും നടപ്പിലും കിടപ്പിലും ശ്രീകൃഷ്ണനെ ഇടതടവില്ലാതെ ധ്യാനിക്കുമായിരുന്നു. ക്രിസ്തുവർഷം 1877 ൽ (കൊല്ലവർഷം 1053 ൽ) ആണു ഗുരു അവിടെ എത്തിയത്. രണ്ടു വർഷം പഠിച്ചു

എന്നും അതല്ല മൂന്നു വർഷം പഠിച്ചു എന്നും ജീവചരിത്രകാരന്മാർ പറയുന്നു. പഠിക്കാൻ വരുമ്പോൾ ഇരുപത്തൊന്നു വയസ്സുണ്ടായിരുന്നു.

നിരന്തരമുള്ള ധ്യാനസാധനയുടെ ഫലമായി ഗുരുവിനു ശ്രീകൃഷ്ണന്റെ ദർശനം ലഭിച്ചു. ഒരു ദിവസം ആവിഷ്ടനെപ്പോലെ ആരെയോ പിൻതുടരുന്ന മട്ടിൽ ഓടിയെന്നും ഒരു തോട്ടിൽ ബോധം കെട്ടു വീണു എന്നും പറയപ്പെടുന്നു. ബോധമുണർന്നപ്പോൾ എന്തു പറ്റി എന്നു മറ്റുള്ളവർ അന്വേഷിച്ചു. തനിക്കു ശ്രീകൃഷ്ണദർശനം ഉണ്ടായെന്നും പിന്തുടർന്നോടിയപ്പോൾ തോട്ടിൽവച്ച് അപ്രത്യക്ഷമായെന്നും ആയിരുന്നു മറുപടി. ശ്രീകൃഷ്ണലീലാശുകൻ മുതലായവർക്കും ഇത്തരത്തിൽ കൃഷ്ണദർശനം ലഭിച്ചിട്ടുണ്ടെന്നു കഥകൾ പ്രചരിക്കുന്നുണ്ട്. ഏതായാലും ആ സംഭവത്തെ ശാശ്വതീകരിക്കുന്ന ഒരു ശ്ലോകം ഗുരുവിൽനിന്നു ലഭിച്ചിട്ടുണ്ട്. (ഇതു ഗുരുവിന്റെ രചനയല്ല എന്നു ശ്രീ. പ്രിയദർശൻ ഒരിക്കൽ എന്നോടു പറയുകയുണ്ടായി. പക്ഷേ ഗുരുവിന്റെ രചനതന്നെ എന്ന വിശ്വാസത്തിലാണു ഞാൻ.) പദ്യം ഇങ്ങനെ:

"ഭൂയോവൃത്തി നിവൃത്തയായ്,
ബ്ഭുവനവും
സത്തിൽ തിരോഭൂതമായ്,
പീയൂഷധ്വനിലീനമായ്,
ച്ചുഴലവും ശോഭിച്ചു ദീപപ്രഭ,
മായാമൂടുപടം തുറന്നു,
മണിരംഗത്തിൽ പ്രകാശിക്കുമ-
ക്കായാവിൻ മലർമേനി, കൗസ്തുഭ-
മണിഗ്രീവന്റെ ദിവ്യോത്സവം."

പലരും 'നിവൃത്തയായ്' എന്നതിനുപകരം 'നിവൃത്തിയായ്' എന്ന് അച്ചടിക്കുന്നു. 'ദീപപ്രഭ' എന്ന പാഠമാണു പ്രചരിക്കുന്നതെങ്കിലും പദ്യത്തിലെ അർത്ഥപൂർത്തിക്കു നല്ലതു ദിവ്യപ്രഭ എന്നാണ്. ദിവ്യോത്സവം എന്ന് അവസാനപാദത്തിൽ ഉള്ളതിനാൽ 'ദിവ്യ' ആവർത്തിക്കില്ല എന്ന ധാരണയായിരിക്കണം ദീപപ്രഭയെ കൊണ്ടുവന്നത്. അവിടെ ശോഭിക്കുന്നതു വെറും ദീപപ്രഭയല്ല, ദിവ്യപ്രഭതന്നെയാണ്. ഇവിടെ പദാവർത്തനം ദോഷമല്ല.

പദാർത്ഥം:

ഭൂയോവൃത്തി - വീണ്ടും ഉള്ള വൃത്തി. വൃത്തി - മനോവൃത്തി; മനസ്സിന്റെ പ്രവർത്തനത്തിന്റെ സൂചകം. നിവൃത്തയായ് - പിൻതിരിഞ്ഞു, മടങ്ങി, ഇല്ലാതായി. ഭുവനവും - ലോകവും, പ്രപഞ്ചവും. സത്തിൽ - സത്തായ പരംപൊരുളിൽ, ഉണ്മയുള്ള പരംതത്ത്വത്തിൽ. തിരോഭൂതമായ് - മറഞ്ഞു, അപ്രത്യക്ഷമായി. പീയൂഷധ്വനി - അമൃതത്തിന്റെ സ്വനം, അമൃതം ഇറ്റുന്നതിന്റെ ശബ്ദമായിരിക്കണം. ലീനമായ് - ലയിച്ചു; അലിഞ്ഞു പോയി. ചുഴലവും - ചുറ്റും, എങ്ങും. ശോഭിച്ചു - വിളങ്ങി, തിളങ്ങി. ദീപപ്രഭ - വിളക്കിന്റെ പ്രകാശം, ദിവ്യപ്രഭ എന്നെടുത്താൽ ദിവ്യമായ പ്രകാശം എന്നർത്ഥം

കിട്ടും. മായാമൂടുപടം – മായയാകുന്ന തിരശ്ശീല. തുറന്നു – മാറ്റി. മണിരംഗത്തിൽ – രത്നമയമായ അരങ്ങിൽ. പ്രകാശിക്കും – പ്രകാശിക്കുന്ന. ആ – ചൂണ്ടിക്കാണിക്കുന്നു, അല്ലെങ്കിൽ പ്രസിദ്ധമായ എന്നർത്ഥം. കായാവിൻ മലർമേനി – കായാമ്പൂ നിറമുള്ള ശരീരത്തോടുകൂടിയവൻ, ശ്യാമവിഗ്രഹൻ. കൗസ്തുഭമണിഗ്രീവന്റെ – കൗസ്തുഭം എന്ന രത്നം കഴുത്തിൽ അണിഞ്ഞ വിഷ്ണുവിന്റെ (കൃഷ്ണന്റെ). ദിവ്യോത്സവം – ദിവ്യമായ ഉത്സവം. കാണാറായി എന്നു ചേർത്തു അന്വയപൂർത്തി വരുത്തണം.

പരാവർത്തനം:

വീണ്ടും മനോവൃത്തി ഉയരുക എന്ന സ്ഥിതി പിൻതിരിഞ്ഞു, ലോകമാകട്ടെ സത്തിൽ മറഞ്ഞു, അമൃതൊഴുകുന്ന സ്വനം ലയിച്ചു, എങ്ങും ഒരു ദിവ്യമായ ശോഭ പരന്നു. മായയാകുന്ന മൂടുപടം തുറക്കപ്പെട്ടു, രത്നമയമായ അരങ്ങിൽ തിളങ്ങുന്ന കായാമ്പൂ ശരീരത്തോടും കൗസ്തുഭമണിഞ്ഞ കഴുത്തോടുംകൂടിയ ശ്രീകൃഷ്ണന്റെ ദിവ്യമായ ഉത്സവം അക്ഷിഗോചരമായി.

നിരീക്ഷണം:

ഈശ്വരസാക്ഷാത്ക്കാരദശയാണു പദ്യത്തിലെ പ്രതിപാദ്യം. എങ്ങും സമന്വയം കണ്ടെത്തുന്ന ഗുരു ഇതിലും ഒരു സമന്വയം നടത്തിയിട്ടുണ്ട്. പദ്യത്തിന്റെ ആദ്യപകുതിയിൽ അദ്വൈതപ്രകാരമുള്ള



സാക്ഷാത്കാരം വിവരിക്കുന്നു. നിർഗുണനിരാകാരഭാവം മുന്നിടുന്നു. എന്നാൽ രണ്ടാം പകുതിയിൽ കായാമ്പൂമേനിയും കൗസ്തുഭരത്നമണിഞ്ഞ കഴുത്തും പ്രസ്താവിച്ചിരിക്കയാൽ സഗുണസാകാരഭാവം ആവിഷ്കൃതമാകുന്നു. സാക്ഷാത്കാരവൈവശ്യം കാരണമാകണം പദ്യത്തിന് അന്വയപൂർത്തി വരാതെ പോയത്. ദിവ്യോത്സവം കൺമുന്നിൽ കണ്ടാൽ മറ്റെല്ലാം മറക്കുമല്ലോ.

ഗുരു കുമ്മമ്പള്ളി രാമൻപിള്ള ആശാന്റെ അടുക്കൽ ഉപരിപഠനം

നടത്തിയതു സംസ്കൃതത്തിലെ അലങ്കാരപദ്ധതിയിൽ (Sanskrit Rhetorics) ആണെന്നു നടരാജഗുരു രേഖപ്പെടുത്തിയിട്ടുണ്ട്. മറ്റു ജീവചരിത്രകാരന്മാരിൽ ചിലരും ഈ പക്ഷത്തോടു യോജിക്കുന്നു. സാഹിത്യം പൊതുവെയും നാടകം, അലങ്കാരം, വൃത്തം മുതലായവ പ്രത്യേകമായും പഠിച്ചു എന്ന് അവർ പറയുന്നു. രാമൻപിള്ള ആശാന്റെ യാഥാസ്ഥികമനോഭാവം വേദാന്തം ഗുരുവിനെ പഠിപ്പിക്കുന്നതിൽനിന്നു പിൻതിരിപ്പിച്ചു എന്നാണവരുടെ യുക്തി. പക്ഷേ 21-24 വയസ്സായ നാണുവിനു വേദാന്തം കരതലാമലകം ആയിരുന്നുവെന്ന് ഈ പദ്യം തെളിയിക്കുന്നു.

ഭൂയോവൃത്തി നിവൃത്തയായ് - നസ പുനരാവർത്തതേ, നസ പുനരാവർത്തതേ (അവൻ വീണ്ടും ആവർത്തിക്കുന്നില്ല, അവൻ വീണ്ടും ആവർത്തിക്കുന്നില്ല) എന്ന് ഉപനിഷത്തും ഇതി വിദ്വാൻ നിവർത്തേത ദ്വൈതാന്നാവർത്തതേ പുനഃ എന്നും (ദർശമാലാ 10-10) ഇതി മത്വാ നിവർത്തേത വൃത്തിർനാവർത്തതേ പുനഃ (ദർശനമാലാ 10-9) എന്നും ശൂന്യോ*f*യം ബ്രഹ്മകേവലം (ദർശനമാല 10-8) എന്നും ഗുരുവും നിരീക്ഷിച്ചിട്ടുള്ളത് ഇതിനോടൊത്തുനോക്കാം.

ഭുവനം സത്തിൽ തിരോഭൂതമായ് - സത്യസാക്ഷാത്കാരത്തോടെ ലോകം മറയും എന്ന വസ്തുത ഗുരു ചിജ്ജഡചിന്തനത്തിൽ പറഞ്ഞിട്ടുണ്ട്.

ഒരു കോടി ദിവാകരരൊത്തുയരും-
പടി പാരൊടു നീരനലാദികളും
കെടുമാറു കിളർന്നു വരുന്നൊരു നിൻ-
വടിവെന്നുമിരുന്നു വിളങ്ങിടണം.
(പദ്യം 1)

ആത്മോപദേശശതകത്തിലും അതേ ആശയം വരുന്നു:

ധ്വനിമയമായ്ഗ്ഗഗനം ജ്വലിക്കുമന്നാ-
ളണയുമതിങ്കലശേഷദൃശ്യജാലം
പുനരവിടെ ത്രിപുടിക്കു പൂർത്തി നൽകും
സ്വനവുമടങ്ങുമിടം സ്വയംപ്രകാശം.
(പദ്യം 52)

പീയൂഷധ്വനിലീനമായ് - യോഗസാധന പുരോഗമിക്കുമ്പോൾ ഭ്രൂമധ്യത്തിൽ ചന്ദ്രൻ ഉദിക്കുമെന്നും അതിൽനിന്ന് അമൃതം ഇറ്റുമെന്നും യോഗജ്ഞർ പറയുന്നു. സാക്ഷാത്കാരദശയിൽ ആ ശബ്ദം നിന്നുപോകും. അതും ഗുരുദേവകൃതികളിൽ പരാമർശിക്കപ്പെടുന്നുണ്ട്. മുകളിൽ ഉദ്ധരിച്ച ആത്മോപദേശപദ്യം ഒരുദാഹരണം. സുബ്രഹ്മണ്യകീർത്തനത്തിലെ താഴെ എഴുതുന്ന പദ്യം വേറെ ഒരു ഉദാഹരണം.

ഓങ്കാരം കൊണ്ടെഴുപ്പിപ്പെരുവെളി-
നടുവേ പള്ളികൊണ്ടുള്ളിലുണ്ടാം
ഝങ്കാരം കേട്ടുണർന്നീടുക
ഝടിതി മതിത്താമരത്തേൻ കുടിപ്പാൻ
പങ്കാരും പറ്റുവാനില്ലിരവുപകലിരു-
ന്നീച്ചയും തേനുറിഞ്ചും
ഝങ്കാരം പോലുമില്ലിങ്ങിതിനെയി-
നിമയോടാസ്വദിച്ചീടുവാൻ വാ.
(പദ്യം 7)

ചുഴലവും ശോഭിച്ചു ദിവ്യപ്രഭ. ഒരു കോടി ദിവാകരർ എന്നു

ചിജ്ജഡചിന്തനത്തിൽ നിന്നുദ്ധരിച്ച പദ്യവും ആത്മോപദേശശതകത്തിലെ താഴെ വരുന്ന പദ്യവും ഇതിനോട് ഒത്തുനോക്കാം.

ഒരു പതിനായിരമാദിതേയരൊന്നായ്
വരുവതുപോലെ വരും വിവേകവൃത്തി
അറിവിനെ മൂടുമനിത്യമായയാമീ-
യിരുളിനെയീർന്നെഴുമാദിസൂര്യനത്രേ.
(പദ്യം 35)

ഗുരുവിന്റെ പല കൃതികളിലും സ്വാനുഭവത്തിന്റെ ഹൃദ്യത ആസ്വാദ്യമായ തോതിൽ കണ്ടെത്താവുന്നതാണ്. ആദ്യകാലരചനയായ ഈ പദ്യവും അതിനു മാതൃകയാണ്. അദ്വൈതതത്ത്വങ്ങൾ സ്വാനുഭവത്തിൽ ചാലിച്ചുചേർത്തതാണ് പ്രസ്തുത രചന. യോഗാനുഭൂതി, അദ്വൈതസാക്ഷാത്കാരത്തോടെ പ്രപഞ്ചാനുഭവം മറയുന്ന കാര്യം, മായകൊണ്ടു മറയപ്പെട്ട പരമസത്യം അതു മാറുമ്പോൾ സൂര്യസമം പ്രകാശിക്കുന്നത്, ഒപ്പം മൂർത്തമായ അനുഭവത്തെ അതിനോട് ഇണക്കുന്നത് എന്നിങ്ങനെ പല തരത്തിൽ ആസ്വാദ്യമാണ് ഈ മുക്തകം. ചിമിഴിൽ അടച്ച വേദാന്തമെന്ന് ഇതിനെ വിശേഷിപ്പിക്കാം.

# നിത്യനികേതനം

സരോജിനി കാരാപ്പുഴ



നിത്യമായുള്ളോരുറവിടം തേടി ഞാൻ
നിത്യനികേതനം തന്നിലെത്തി
ചുറ്റുപാടും വയലുണ്ടു ചിറകളും
ഒത്തമദ്ധ്യത്തിൽ ഒരാശ്രമവും
ആശ്രമഭംഗിയിൽ അല്പനേരം ഞാനും
ആസ്വദിച്ചൊന്നു മയങ്ങിനിന്നു.
ഹോമമന്ത്രങ്ങളോടൊപ്പം ജ്വലിക്കുന്ന
ഹോമകുണ്ഡത്തിൽ ഞാൻ കൈവണങ്ങി
ശാന്തിമന്ത്രങ്ങളും പ്രാർത്ഥനാഗീതവും
എന്നിലെ എന്നിൽ സുഖം പകർന്നു.
ആരാദ്ധ്യനായ ഗുരുവിനെ കണ്ടുഞാൻ
ആദരപൂർവ്വം നമസ്കരിച്ചു.
ഉത്തമനായ ആചാര്യന്റെ ആശ്രമം
ഉത്തരവാദിത്തം ഏറെയുള്ളോർ
അരുളു തരുന്നുണ്ട് അനുകമ്പയുമുണ്ട്
അറിവിന്റെ അമൃതു കോരിത്തരുന്നു.
സത്യമാർഗ്ഗപ്രദനായ ഗുരുവിന്റെ
സത്കാരം ഞാനും അനുഭവിച്ചു.
ആത്മനിഷ്ഠാപരനായ ആ സദ്ഗുരു
'ആത്മാനന്ദത്താൽ അനുഗ്രഹിച്ചു.'

**വ്യാഖ്യാനം :**
**ജനനീ നവരത്നമഞ്ജരി**

**സ്വാമി സുധി**

ഒന്നായ മാമതിയിൽ നിന്നായിരം ത്രിപുടി
വന്നാശു തൻമതി മറ-
ന്നന്നാദിയിൽ പ്രിയമുയർന്നാടലാം കടലി-
ലൊന്നായി വീണു വലയും
എന്നാശയം ഗതിപെറും നാദഭൂമിയില-
മർന്നാവിരാഭ പടരും
ചിന്നാഭിയിൽ ത്രിപുടിയെന്നാണറുംപടി
കലർന്നാറിടുന്നു ജനനീ!

| | | |
|---|---|---|
| ഒന്നായ | - | ഏകവും |
| മാമതിയിൽനിന്ന് | - | അനന്തവുമായ ആദിമബോധത്തിൽനിന്ന് |
| ആയിരം | - | കണക്കറ്റ |
| ത്രിപുടി വന്നു | - | അറിയുന്നവൻ, അറിയപ്പെടുന്ന വസ്തു, അറിയൽ എന്ന തരത്തിൽ മൂന്ന് ഇതളുകളോടുകൂടിയ ഭേദചിന്തകൾ ഉണ്ടാകുന്നു. |
| ആശു | - | ഉടനടി |
| തന്മതി മറന്ന് | - | സ്വരൂപബോധം മറന്ന് |
| അന്നാദിയിൽ | - | ഭക്ഷണം തുടങ്ങിയ ഭോഗങ്ങളിൽ |
| പ്രിയമുയർന്ന് | - | താത്പര്യം വർദ്ധിച്ചുവന്ന് |
| ആടലാംകടലിൽ | - | ദുഃഖപൂർണ്ണമായ സംസാരക്കടലിൽ |
| ഒന്നായി | - | ആകവേ |
| വീണുവലയും | - | വീണ് ക്ലേശിക്കുകയാണ് |
| എൻ ആശയം | - | എന്റെ അന്തക്കരണം. |
| ജനനീ | - | അല്ലയോ ജഗത്തിന്റെ അമ്മേ, |
| ഗതിപെറും | - | മുക്തിക്കു ഹേതുവായ |
| നാദഭൂമിയിൽ | - | നാദമണ്ഡലത്തിൽ |
| അമർന്ന് | - | വിലയിച്ച് |
| ആവിരാഭപടരും | - | ആത്മചൈതന്യം പ്രസരിക്കുന്ന |
| ചിന്നാഭിയിൽ | - | ബോധകേന്ദ്രത്തിൽ |
| ത്രിപുടി | - | മൂന്നായ് പിരിയുന്ന ഈ ഭേദചിന്തകൾ |
| എന്നാണ് | - | എന്നാണ് |
| അറുംപടികലർന്ന് | - | മുഴുവനായി വിലയിച്ചുതീർന്ന് |
| ആറിടുന്നു | - | പ്രശാന്തിയെ കൈവരിക്കുന്നത് ? |

# അമ്മയുടെ ഉണ്മ അറിവിന്റെ തെളിമ



നാരായണഗുരുവിന്റെ അനന്യ സുന്ദരമായ ഈ ആദ്ധ്യാത്മികകവനത്തിൽ വിശ്വജനനിയെയാണ് സ്തുതിക്കുന്നത്. പരമപുരുഷാർത്ഥമായ മുക്തിക്കുവേണ്ടി ദാഹിക്കുന്ന പ്രാർത്ഥനയും കൂടിയാണിത്. ദാർശനികവും അതേസമയം ഭക്തിനിർഭരവുമായ ഈ കവിത ചൊല്ലുന്തോറും മനുഷ്യഹൃദയത്തിൽ ചിന്തകളുടെ തരംഗവൈകല്യങ്ങളെല്ലാം അടങ്ങി മനസ്സ് ദേവിയുടെ ശാന്തമായ ഹൃദയപുണ്ഡരീക ത്തിൽ സ്വസ്തികൊള്ളുന്നു. അതാണ് ജനനീ നവരത്നമഞ്ജരിയുടെ ഹൃദയാവർജ്ജകത്വം. ഇതു പാരായണം ചെയ്യുമ്പോൾ ഇതൊരു വെറുംവായന ആയിത്തീരുന്നില്ല. ഇതിലിരിക്കുന്ന രത്നം നമ്മുടെ ഉള്ളിൽ ശോഭിക്കുന്ന ആത്മപ്രഭയായി മാറുന്നു. ആവിരാഭ പടരും ചിന്നാഭിയിൽ ത്രിപുടി എന്നാ ണ് അറുംപടി കലർന്ന് ആറിടുന്നു, ജനനീ ? ഇതൊരു പ്രാർത്ഥനാനിർഭരമായ ചോദ്യമാണ്. ഈ ശ്ലോകത്തിന്റെ അവസാനത്തിൽ വിശ്വജനനിയായ അമ്മയോടു ചോദിക്കുകയാണ്, നിന്റെ ആ ജ്ഞാനമഹസ്സിൽ ഞാൻ കുതിർന്നില്ലാതായി, എന്റെ

അസ്തിതയെല്ലാം നിന്റെ അസ്തിതയായി മാറി, എന്റെ ദുഃഖങ്ങളെല്ലാം നിന്നിലെ ആനന്ദസരിത്തായി മാറി, എന്നിലെ വിഭാഗീയതകളെല്ലാം നിന്റെ സൗഭാഗ്യങ്ങളായി മാറി ജീവിതത്തെ ധന്യത നിറഞ്ഞതാക്കുന്ന ആ നിമിഷം എന്നാണമ്മേ എന്നിൽ സംഭവിക്കുന്നത് ? എത്ര മനോഹരമായ പ്രാർത്ഥന!

സാധാരണയായി നാം പ്രാർത്ഥിക്കുന്നത് തുച്ഛമായ ലോകവിഷയങ്ങൾ എന്തെങ്കിലുമൊക്കെ നേടിയെടുക്കാനായിരിക്കും. എന്നാലിത് അത്തരത്തിലൊരു പ്രാർത്ഥനയല്ല. ദാർശനികമായ ഉൾക്കാഴ്ചയാൽ തിളക്കമുറ്റിയ ഹൃദന്തത്തിൽനിന്നാണ് ഈ പ്രാർത്ഥന പ്രഭവിക്കുന്നത്. അതുകൊണ്ടുതന്നെ ഈ പ്രാർത്ഥന കാലദേശബാധിതമല്ല. ഏതുകാലത്തും ഏതുദേശത്തും ഉള്ളവർക്ക് ഈ പ്രാർത്ഥനയുടെ അന്തരാർത്ഥങ്ങൾ ആശ്വാസമേകുന്നവയാണ്. പ്രാർത്ഥനകളിൽ എല്ലാം തന്നെ അഗാധമായ അനുഭൂതിയുടെ നിറവിലേക്കുള്ള അഭിവാഞ്ഛയുണ്ട്.

കാളിന്ദിയുടെ മണൽത്തിട്ടകളിൽ പ്രണയാർത്തകളായ ഗോപികമാർ വന്നിരുന്നു പാടിയ ഗീതങ്ങളിൽ ഈ പ്രാർത്ഥനയുടെ മുഗ്ധമാധുര്യം നമുക്കനുഭവിക്കാനാകും. സോളമന്റെ ഉത്തമഗീതങ്ങളിൽ ഈ അനുഭൂതിവിശേഷം ദർശിക്കാനാകും. കുരിശിന്റെ യോഹന്നാൻ എഴുതിയ ആത്മഗീതങ്ങളിൽ ഈ പ്രാർത്ഥനയുടെ ഹൃദ്യത നമുക്കു നുണയാനാകും. റഷ്യൻ മിസ്റ്റിക്കുകളുടെ വിശുദ്ധ പ്രാർത്ഥനാഗീതങ്ങളുടെ സമാഹാരമായ ഫിലോകാലിയയിൽ ഈ പ്രാർത്ഥനയുടെ അന്തർധ്വനികൾ നിഹിതമായിക്കിടക്കുന്നുണ്ട്. 'വേരായ നിൻ കഴലിൽ ആരാധനം തരണം ആരാൽ ഇതിന്നൊരു വരം നേരായി വന്നിടുക വേറാരുമില്ല ഗതി ഹേ! രാജയോഗജനനീ.' ഈ വരികളിൽ ഗുരുവിന്റെ രചനയുടെ സവിശേഷഗന്ധം തങ്ങിനിൽക്കുന്നു.

പ്രാർത്ഥനകൾ ഗാനങ്ങളായി മാറുമ്പോഴും അവയിലെല്ലാം സുബദ്ധമായ ഒരു ശാസ്ത്രീയത ഗുരു നിവേശിപ്പിക്കാറുണ്ട്. അതുകൊണ്ട് മനുഷ്യന്റെ ചിത്തം ശകലിതമാക്കപ്പെടുന്നത് എങ്ങനെയാണെന്ന് ആദ്യം എടുത്തുപറയുന്നു. അതായത് ദാർശനികമായ ഉൾക്കാഴ്ചയോടെ ഒരു പ്രശ്നത്തെ പറഞ്ഞുകൊണ്ട് തുടങ്ങുന്നു. ഒന്നായ മഹാമേധയിൽനിന്ന് ആയിരക്കണക്കിനു ത്രിപുടികൾ പൊന്തി വരുന്നു. ആ നൊടിയിൽതന്നെ നമുക്ക് സ്വാത്മവിസ്മൃതി ഉണ്ടാകുന്നു. പിന്നെ അന്നത്തിലും പൊന്നിലും ആണിലും പെണ്ണിലും മണ്ണിലും പ്രിയാസ്വാദനങ്ങൾ ഉയർന്നു വരുന്നു. അത് മനസ്സിനെ ആടലാം കടലിൽ ഒന്നായി വീണുവലയ്ക്കുന്നു. ഇത്തരത്തിൽ വേദന

തിന്നുന്ന മനസ്സ് ഗതിപെറും നാദഭൂമിയിൽ അമർന്ന് എന്നാണ് അറും പടി കലർന്ന് ആറിടുന്നത്, അമ്മേ ?

ചൂടുള്ള ചായ തണുക്കുവാൻ വേണ്ടി നമ്മൾ വയ്ക്കാറുണ്ട്. ചൂടുള്ളപ്പോൾ കുടിക്കാൻ പ്രയാസമാണ്. അതുപോലെ പ്രാപഞ്ചികമായ എല്ലാ അനുഭവങ്ങളും നമ്മളിൽ സന്താപത്തെ ഉണ്ടാക്കുന്നു. സന്താപം എന്നു പറഞ്ഞാൽ ദുഃഖം. എല്ലാ ദുഃഖത്തിനും താപമുണ്ട്, ചൂടുണ്ട്. ആ സന്താപങ്ങളെല്ലാം, ആ ഉഷ്ണങ്ങളെല്ലാം ഉപശമിച്ച് തികച്ചും ഹൃദ്യമായ ഒരു നനുത്ത അനുഭൂതിയിൽ നാം വിലയിക്കണം. ദേവിയുടെ ഹൃദയം തണുത്തതാണ്. നനുത്തതാണ്. ജീവന്റെ സന്താപങ്ങളെ മുഴുവൻ കെടുത്താൻ പോരുന്ന ജലാശയസദൃശമായിരിക്കുന്ന സ്വച്ഛതയാണത്. അതിലേക്കാണ് ഗുരു നമ്മളെ ആനയിക്കുന്നത്.



ഇതിലെ ഓരോ വാക്കും നിഘണ്ടുവിൽ പറയുന്ന അർത്ഥത്തിനപ്പുറത്തേക്കു കടന്നു പോകുന്നു. അതുകൊണ്ട് നിഘണ്ടു മാത്രം ഉപയോഗിച്ച് ശ്ലോകത്തിന്റെ അർത്ഥം പറയാൻ ശ്രമിക്കുകയല്ല ഇവിടെ ചെയ്യുന്നത്. പണ്ഡിതന്മാർക്ക് ഇതിന്റെ അർത്ഥം ഓരോ വാക്കിനുനേരെ തത്തുല്യമായി എഴുതിവയ്ക്കാൻ കഴിയുമെങ്കിലും ആ അർത്ഥം അങ്ങനെയൊരു അർത്ഥമാകണമെന്നില്ല. അതുകൊണ്ട് 'എന്നാശയം' എന്നു പറയുമ്പോൾ എന്താണ് ആശയം എന്ന് സന്ദേഹം വരാം. ആശയം എന്നാൽ ഐഡിയ (idea). ലാക്ഷണികമായി നമുക്കങ്ങനെ പറയാം. ഐഡിയ എന്നു പറഞ്ഞാൽ എന്താണ് ? അന്തക്കരണത്തിൽ വൃത്തിരൂപത്തിൽ സംഭവിക്കുന്നതെന്തും ഐഡിയകളാണ്. മനസ്സ്, ബുദ്ധി, ചിത്തം, അഹങ്കാരം ഇവയാണ് അന്തക്കരണങ്ങൾ. അപ്പോൾ ആശയം എന്നാൽ മനസ്സല്ലേ ? വാസനകൾ ശയിക്കുന്ന ഇടമാണ് ആശയം. അതുകൊണ്ട് മനസ്സിനെ മുഴുവനും എടുത്ത് ആശയം എന്നു പറയുന്നു.

എന്നാശയം ഗതിപെറും - എനിക്കെന്നാണ് മോക്ഷം ഉണ്ടാകുന്നത് ? ഗതിപെറുക എന്നു പറഞ്ഞാൽ മോക്ഷപ്രാപ്തി ഉണ്ടാവുക. നാദഭൂമിയിൽ അമർന്ന് - ആത്മാവാകുന്ന നാദഭൂമിയിൽ അമർന്ന്. നാദഭൂമി എന്നു പറയുമ്പോൾ തികച്ചും ആലങ്കാരികമായിരിക്കുന്നതും ആനുഭൂതികമായിരിക്കുന്നതുമായ ഒരു പദമാണ്. അതു രുചിക്കുവാൻ നമ്മുടെ ഉള്ളിൽ അല്പം കവിഹൃദയം വേണം. ഋഷികളെല്ലാം കവികൾ കൂടിയാണ്. ഋഷിക്ക് പാടാനേ കഴിയുകയുള്ളൂ. പറയാൻ അറിഞ്ഞുകൂടാ. പറഞ്ഞാൽ അത് വീൺവാക്കായി പോകുമോ എന്ന ഭയം ഋഷിക്കുണ്ട്. അതുകൊണ്ട് ഋഷി പാടുന്നു. ഋഷി ഗായകനാണ്. ഗായകനായതുകൊണ്ടാണ് ഭഗവാന്റെ ഗാനം ഭഗവദ്ഗീതയായി മാറിയത്. ഗീത ഒരു ഗാനമാണ്.

ഗുരുവിന്റെ ഗാനപീയൂഷമാണ് ജനനീ നവരത്നമഞ്ജരി. ഇതിന്റെ ശീർഷകംപോലും ഹൃദയത്തിന്റെ ഉള്ളിൽ അനല്പമായ അനുഭൂതിയെ ജനിപ്പിക്കുന്നു. ഗുരുവിന്റെ ഋഷിത്വം അതിന്റെ പൂർണ്ണതയിൽ എത്തിനിൽക്കുമ്പോൾ സംഭവിച്ച ഒന്നാണ് ജനനീ നവരത്നമഞ്ജരി. നാം ഇതിനെ സമീപിക്കേണ്ടതും ബുദ്ധിപരമായ ഒരന്വേഷണം മാത്രമായല്ല, ആനുഭൂതികമായിരിക്കുന്ന ഹൃദയത്തിന്റെ വശത്തിലൂടേയും അന്വേഷിക്കേണ്ടതായിട്ടുണ്ട്. ഹൃദയത്തിന്റെ മൃദുത്വം ഇതിന്റെ ഓരോ വാക്കിലും സ്പന്ദിച്ചുനിൽക്കുന്നുണ്ട്. എന്നാൽ ബുദ്ധിയുടെ സൂക്ഷ്മതയിൽ സൂക്ഷ്മതയുള്ള ഭാഗങ്ങളും ഇതിലുണ്ട്. ഇതിനെ രണ്ടിനേയും സമന്വയിപ്പിക്കുന്ന ഒരു അസാധാരണമായ സൃഷ്ടിവിശേഷം ഇതിൽ പരിലസിക്കുന്നു. എന്തൊരു സർഗ്ഗാത്മകമായ രചനാസുഷമ! ഇത് നമ്മൾ നിസ്സാരമായി തള്ളിക്കളയാൻ പാടില്ല. ഗുരുവിന്റെ ഒരു കൃതിയും നിസ്സാരമാക്കാൻ കഴിയുന്നതല്ല. ജനനീ നവരത്നമഞ്ജരി ഒരിക്കലും നിസ്സാരമാക്കിക്കളയാൻ കഴിയില്ല.

ഒരമ്മ എന്നോടു ചോദിച്ചു: “വാസ്തവത്തിൽ എന്താണ് മാതൃത്വം ? ജനനീ നവരത്നമഞ്ജരിയിൽ മാതൃത്വത്തെക്കുറിച്ച് എന്തെങ്കിലും പറയുന്നുണ്ടോ ? എല്ലാവരിലും ഇങ്ങനെ ഒരു ചോദ്യം ഉണ്ടാകാനിടയുണ്ട്. ജനനി എന്നാൽ അമ്മ. നമുക്ക് പരിചിതമായ അമ്മ നമ്മളെ പ്രസവിച്ച അമ്മയാണ്. നമ്മളെ വളർത്തിക്കൊണ്ടുവന്ന അമ്മയെക്കുറിച്ച് നമുക്കറിയാം. പലരുടേയും അമ്മമാർ പലതരത്തിലുള്ളവരാണ്. ചിലർ വളരെ സ്നേഹമസൃണരായ അമ്മമാരായിരിക്കും. ചിലർ

എപ്പോഴും ദേഷ്യപ്പെട്ടുകൊണ്ടിരിക്കുന്ന അമ്മമാരായിരിക്കും. കുട്ടികളെ ശകാരിക്കുകയും അവരോട് വഴക്കടിക്കുകയും ഒച്ചവയ്ക്കുകയും ചെയ്യുന്ന അമ്മമാരെ നമുക്കറിയാം. കുട്ടികളുടെ ചെറിയ ആവശ്യങ്ങളെപ്പോലും അവഗണിക്കുകയും



തള്ളിക്കളയുകയും കുട്ടികളെ പുച്ഛിക്കുകയും നിന്ദിക്കുകയും ചെയ്യുന്ന അമ്മമാരെക്കുറിച്ചും നമുക്കറിയാം. എന്നാൽ കുഞ്ഞിന്റെ ആത്മാവിന്റെ എല്ലാ ആവശ്യങ്ങളേയും എല്ലാ സ്വാതന്ത്ര്യങ്ങളേയും അനുവദിച്ചുകൊടുത്തു പരിപോഷിപ്പിക്കുന്ന അമ്മമാരുമുണ്ട്. അവർ കുഞ്ഞുങ്ങളെ കൂടെക്കൂടെ ശകാരിക്കുകയില്ല. സ്നേഹത്തിന്റെ വിശാലമായിരിക്കുന്ന ഒരു പൊയ്ക പോലെയാണ് അവർ.

വാസ്തവത്തിൽ എന്താണ് മാതൃത്വം ? ഒരു കുഞ്ഞിനെ പ്രസവിച്ചാൽ അമ്മയായി ത്തീരുമോ ? സ്ത്രീകളെ മാത്രമാണോ അമ്മ എന്നു പറയുന്നത് ? പുരുഷനിലും മാതൃത്വമില്ലേ ? ഇങ്ങനെയുള്ള ചോദ്യങ്ങളൊക്കെ നമുക്കുണ്ടാകാം. അതുകൊണ്ട് മാതൃത്വം വാസ്തവത്തിൽ കുഞ്ഞിനെ പ്രസവിച്ചതുകൊണ്ടോ കുഞ്ഞിനെ വളർത്തിയതുകൊണ്ടോ മാത്രം സ്ത്രീയിൽ സംഭവിക്കുന്ന ഒന്നല്ല. മാതൃത്വം വിശാലമായിരിക്കുന്ന സ്നേഹത്തിന്റെ, സ്വീകാര്യതയുടെ, സഹാനുഭൂതിയുടെ, സഹിഷ്ണുതയുടെ തലമാണ്. അത് സ്ത്രീയിലും പുരുഷനിലും ഉണ്ടാകാം. അത് സ്ത്രീയോട് മാത്രം ബന്ധിപ്പിച്ച് മനസ്സിലാക്കുന്നത് ഉത്തമമല്ല. പുരുഷനോടും ബന്ധിപ്പിച്ച് നമുക്കത് മനസ്സിലാക്കാം. മാതൃത്വത്തെ സ്ത്രൈണതയുമായോ പൗരുഷവുമായോ ബന്ധിപ്പിക്കേണ്ട ആവശ്യമില്ല. ഒരു ഗുരുവിൽ മാതൃത്വത്തിന്റെ പൂർത്തീകരണം നമുക്കു കാണാൻ കഴിയും. ഗുരുവിനു ചിലപ്പോൾ സ്ത്രീശരീരം ഉണ്ടായിരിക്കാം. ചിലപ്പോൾ പുരുഷശരീരം ഉണ്ടായിരിക്കാം.

എന്നാലും ഗുരു സ്ത്രീയോ പുരുഷനോ അല്ല. സ്ത്രീയെന്നും പുരുഷനെന്നും പറയുന്നത് ബാഹ്യമായ ശരീരഘടനയുടെ സ്വഭാവം നോക്കിയാണ്.

എന്നാൽ ഗുരു ആത്മാവിൽ അനന്യമായിരിക്കുന്നതുകൊണ്ട്, ആത്മാവ് സ്ത്രീയോ പുരുഷനോ എന്ന് നമുക്ക് പറയാൻ കഴിയാത്തതുകൊണ്ട്, ആത്മാവ് സർവവ്യാപിയായിരിക്കുന്നതുകൊണ്ട് ആത്മാവിന് അനൈക്യമില്ലാത്തതുകൊണ്ട്, ആത്മാവ് സർവത്തേയും സമാശ്ലേഷിക്കുന്ന ഒന്നായിരിക്കുന്നതുകൊണ്ട് ഗുരുവിനെ സ്ത്രീയെന്നോ പുരുഷനെന്നോ വ്യവച്ഛേദിക്കാൻ കഴിയുകയില്ല. അപ്പോൾ ഒരു ഗുരുവിനേയും സ്ത്രീയെന്നോ പുരുഷനെന്നോ ഉള്ള മനസ്സോടു കൂടി സമീപിക്കുന്നത് ഉചിതമായിരിക്കുകയില്ല. ശ്രീരാമകൃഷ്ണ പരമഹംസരെയായാലും ശ്രീനാരായണഗുരുവിനെയായാലും രമണമഹർഷിയെയായാലും ശാരദാദേവിയെയായാലും മീരാബായിയെയായാലും അങ്ങനെ സമീപിക്കുന്നത് ശരിയായിരിക്കുകയില്ല. ഏതൊരു സാന്നിദ്ധ്യത്തിലാണോ നമ്മുടെ ഉള്ളിലെ എല്ലാത്തരത്തിലുമുള്ള കല്മഷങ്ങളും വൈകല്യങ്ങളും അസ്വാതന്ത്ര്യങ്ങളും അഴിഞ്ഞുപോകുന്നത് ആ ഒരു സാന്നിദ്ധ്യമാണ് മാതൃത്വം.

സൂര്യകിരണങ്ങളുടെ ഊഷ്മളതയിൽ മഞ്ഞുകണങ്ങൾ ഉരുകിപ്പോകുന്നതുപോലെ മാതൃത്വത്തിൽ സകലവിധത്തിലുള്ള ദുഃഖങ്ങളും അനൈക്യങ്ങളും ബാഷ്പീകരിച്ചു പോകുന്നു. അതിന്റെയൊക്കെ സാമാന്യമായ ലാഞ്ഛനയാണ് സാധാരണ അമ്മമാരിൽ കാണുന്നത്. അത് മാതൃത്വ ത്തിന്റെ പരിമിതമായ തലമാണ്, മാതൃത്വത്തിന്റെ പൂർണ്ണതയല്ല. എന്നാലും നമുക്കത് ചെറിയ തോതിൽ സാധാരണ അമ്മമാരിൽ കാണാനാകും. കുഞ്ഞുങ്ങൾക്ക് അമ്മമാരുമായിട്ടുള്ള ബന്ധം എടുത്തുനോക്കുകയാണെങ്കിൽ അച്ഛനേക്കാൾ അമ്മയിലേക്ക് ഒരഭിരമനം കൂടുതൽ കാണുന്നുണ്ട്. അമ്മയോടു ഹൃദയം പങ്കുവയ്ക്കാൻ കുട്ടികൾക്ക് പൊടുന്നനെ കഴിയും. പക്ഷേ, അച്ഛനോടതു കഴിയുകയില്ല. അമ്മയുടെ മുമ്പിൽ എന്തു തെറ്റു കാണിക്കുവാനും കുഞ്ഞിന് മടിയില്ല. അമ്മയ്ക്കത് മനസ്സിലാക്കാൻ കഴിയുമെന്നു കുഞ്ഞിനറിയാം. അച്ഛനതു ചിലപ്പോൾ മനസ്സിലാക്കാൻ കഴിയുകയില്ല. അച്ഛനെ കുഞ്ഞ് ഭയപ്പെടുന്നുണ്ട്. അമ്മയെ കുഞ്ഞ് ഭയപ്പെടുന്നില്ല. മാതൃത്വത്തിന്റെ ചില ലക്ഷണങ്ങളാണിവ. എവിടെ ഭയമുണ്ടോ അവിടെ മാതൃത്വമില്ല. കുഞ്ഞിന് എന്തിലെങ്കിലും ഭയം ഉണ്ടാകുന്നുണ്ടെങ്കിൽ അവിടെ മാതൃത്വമില്ല.

(തുടരും)

## മീരാഭജൻ

## മൊഴിമാറ്റം : അഷിത



പ്രേമലീലകളിൽ വിചക്ഷണനായ
വിപിനവിഹാരിയെ ഞാൻ നമിക്കുന്നു.
മയിൽപ്പീലിത്തുണ്ടാണ് അവനു കിരീടം.
അവന്റെ തിരുനെറ്റിയിൽ ഗോരോചനക്കുറി.
സ്വർണ്ണകുണ്ഡലങ്ങളും കറുത്ത കുറുനിരകളും
അവന്റെ കർണ്ണങ്ങളിൽ ചാരുവായി ഇളകുന്നു.
ആകർഷകമായ അളകങ്ങളോടു ചേർത്ത
ആ പുല്ലാങ്കുഴൽ അവൻ വായിക്കുകയാണ്.
അഗാധമായ ആനന്ദം സ്വയം നുകർന്ന്
അവൻ വ്രജബാലകളുടെ ഹൃദയവും അതിലാറാടിക്കുന്ന
മോഹനഗിരിധരന്റെ ഈ സുന്ദരദർശനത്താൽ
മീര നിർവൃതിയിലാഴുന്നു.



നന്ദലാലാ,
വരൂ, എന്റെ മിഴികളിൽ വസിക്കൂ.
എന്തു ഭംഗിയാണ് നിന്റെ ശ്യാമരൂപം
നിന്റെ വിടർന്ന കണ്ണുകൾ
നെറ്റിയിലണിഞ്ഞ രക്തചന്ദനം
കർണ്ണകുണ്ഡലങ്ങൾ കിരീടമായി
ഒരു മയിൽപ്പീലിയും രത്നഹാരം
നിന്റെ കഴുത്തിലണിഞ്ഞിരിക്കുന്നു.
അധരത്തിൽ നിന്നമൃതം പൊഴിക്കുന്ന
നിന്റെ ഓടക്കുഴലുമുണ്ട്.
അരയിൽ കിങ്ങിണി.
നിന്റെ പാദസരങ്ങളുടെ കിലുക്കം
ഹൃദയത്തെ മോഹിപ്പിക്കുന്നുവല്ലോ.
വിശുദ്ധരായവരുടെ ഹൃദയത്തിൽ രമിക്കുന്ന
ഭക്തരെ പ്രേമപൂർവ്വം സംരക്ഷിക്കുന്ന
ഗോപാലൻ തന്നെയല്ലോ മീരയുടെ പ്രഭു.

ഗീതാലഹരി

സ്വാമി സുധി



# യുദ്ധം മനുഷ്യമനസ്സിൽ അങ്കുരിക്കുന്നു



ഇന്നത്തെ കാലം ജിജ്ഞാസ മരിച്ചുകൊണ്ടിരിക്കുന്ന കാലമാണ്. മനുഷ്യന്റെ ജിജ്ഞാസ എപ്പോഴാണ് മരിക്കുന്നത് ? മനുഷ്യന്റെ ജിജ്ഞാസ നാനാവിധമായിരിക്കുന്ന വിഷയങ്ങളിലേക്ക് ഒലിച്ചുപോകുമ്പോഴാണ് മരിക്കുന്നത്. ജിജ്ഞാസയെ സങ്കുചിതമായ, പരിമിതമായ, ദേശകാലബദ്ധമായ ഏതെങ്കിലുമൊരു വസ്തുവിലേക്ക് തിരിച്ചുവിടുമ്പോൾ ആ വസ്തുവിനു നമ്മെ പൂർണ്ണമായി സന്തോഷിപ്പിക്കുവാനോ തൃപ്തിപെടുത്തുവാനോ നമ്മുടെ അറിവിനെ നിറവുള്ളതാക്കിത്തീർക്കുവാനോ കഴിയുകയില്ല. എന്നാൽ ആ ജിജ്ഞാസയെത്തന്നെ ആത്മാവിലേക്കു നയിക്കുകയാണെങ്കിലോ ? ആ ജിജ്ഞാസക്ക് നമ്മുടെ അനന്തമായ ഉണ്മയെ ദർശിപ്പിച്ചുതരുവാനും വേദിപ്പിച്ചുതരുവാനും കഴിയുന്നതായിരിക്കും.

ജിജ്ഞാസ എന്നു പറഞ്ഞാൽ അറിയുവാനുള്ള ആഗ്രഹം. എല്ലാ ജീവികൾക്കും അറിയുവാനുള്ള ആഗ്രഹമുണ്ട്. അറിയുക എന്നു പറഞ്ഞാൽ അനുഭവിക്കുകയും കൂടിയാണ്. ഇത്തിരി സുഖത്തിൽനിന്ന് ഒത്തിരി സുഖത്തിലേക്കാണ് എല്ലാ ജീവികളും പ്രയാണം ചെയ്യുന്നത്. സുഖം കുറയുമ്പോൾ ദുഃഖം ഇരുട്ടുപോലെ കടന്നുവരുന്നു. സുഖം വർദ്ധിക്കുമ്പോൾ

ദുഃഖം കുറയുകയും ചെയ്യുന്നു. ഇത് ലോകത്തിലുള്ള എല്ലാ അനുഭവങ്ങളിലുമുണ്ട്.

മനുഷ്യനെ സംബന്ധിച്ചിടത്തോളം അവനിന്നു ശ്രമിക്കുന്നത് എതെങ്കിലുമൊരു കാര്യമോ വസ്തുവോ വ്യക്തിയോ അല്ലെങ്കിൽ ഏതെങ്കിലുമൊരു ആശയമോ അവന് സുഖം പകർന്നു തരുന്നുണ്ടെങ്കിൽ അതിനെ സ്വന്തമാക്കുവാനാണ്. അതിനുവേണ്ടിയുള്ള തത്രപ്പെടലുകളായി അവന്റെ ജീവിതം പരിണമിക്കുന്നു. അത് സൗന്ദര്യത്തിന്റെ കാര്യത്തിലായാലും ധനത്തിന്റെ കാര്യത്തിലായാലും അറിവിന്റെ (information) കാര്യത്തിലായാലും അങ്ങനെയാണ്. ഒരാൾക്ക് ഈ പ്രപഞ്ചത്തിന്റെ എല്ലാ തരത്തിലുള്ള വൈജ്ഞാനിക ശാഖകളെയും കണ്ടെത്തി പഠിക്കുവാനും മനസ്സിലാക്കുവാനുമുള്ള വ്യഗ്രത സ്വാഭാവികമായി ഉണ്ടാവാറുണ്ട്. അതിനു കാരണം അവൻ ധരിച്ചുവച്ചിരിക്കുന്നത് ഈ പ്രപഞ്ചവസ്തുക്കളെ ഓരോന്നിനെ എടുത്ത് വിശകലനം ചെയ്തു പഠിച്ചാൽ ഒരിക്കൽ ഈ പ്രപഞ്ചത്തെ പൂർണ്ണമായി മനസ്സിലാക്കാൻ കഴിയുമെന്നും അതോടെ അവന്റെ ജീവിതത്തിലുള്ള എല്ലാ പ്രശ്നങ്ങളും പരിഹരിക്കാൻ കഴിയുമെന്നുമാണ്.

ഒരാൾ നല്ല അറിവുള്ളവനാണെന്ന് നമ്മൾ പറയാറുണ്ടല്ലോ. നല്ല അറിവുള്ളവനാണ് എന്നു പറയുമ്പോൾ അദ്ദേഹത്തിന് ഒരുപാട് കാര്യങ്ങൾ വളരെ വിപുലമായ രീതിയിൽ വിശദീകരിച്ചുകൊണ്ട് സംസാരിക്കുവാനും അതിനെക്കുറിച്ച് എഴുതുവാനും ചിന്തിക്കുവാനും കഴിയുന്നു എന്ന അർത്ഥത്തിലാണ്. എന്നാൽ ആ അറിവ് അവനെ മുക്തിയിലേക്കു നയിക്കണമെന്നില്ല. കാരണം ഒരു ചെറിയ ചെടിയെ എടുത്ത് നാം പരിശോധിക്കുകയാണെങ്കിൽ ആ ചെടിയുടെ ഇലയുടെ സ്വഭാവം, വേരിന്റെ സ്വഭാവം, പഴത്തിന്റെ സ്വഭാവം, അതിന്റെ വിത്തിന്റെ സ്വഭാവം, അത് നിലനില്ക്കുന്ന മണ്ണിന്റെ സ്വഭാവം, അതിനെക്കുറിച്ചൊക്കെ നമുക്ക് പഠിക്കേണ്ടതായി വരും. ചെടി വളർന്നുവരണമെങ്കിൽ അതിനു ജലം വേണം. അതുപോലെ അന്തരീക്ഷത്തിലെ കാർബൺ ഡയോക്സൈഡും വേണ്ടിവരും. ഭക്ഷണം പാകം ചെയ്യണമെങ്കിൽ സൂര്യപ്രകാശം വേണം. അപ്പോൾ ഒരു ചെടിയുടെ ഓരോ വശവും എടുത്തു പഠിക്കുമ്പോൾ അതിന്റെ ഭാഗമായ ജലത്തെക്കുറിച്ചു പഠിക്കണം. ജലത്തിന്റെ ഓരോ വശങ്ങളെടുത്തു പഠിക്കുന്ന പഠനശാഖ നമുക്ക് വിപുലീകരിച്ചുകൊണ്ടുപോയാൽതന്നെ ആ പഠനം എവിടേയും എത്തുകയില്ല. സൂക്ഷ്മതയിലേയേക്കു പോകുന്തോറും നമുക്കതിന്റെ ദുർഗ്രാഹ്യത മനസ്സിലായികൊണ്ടിരിക്കും.

ഒരു ചെടി ഭക്ഷണം പാചകം

ചെയ്യുന്നത് സൂര്യപ്രകാശ ത്തിൽനിന്ന് ഊർജ്ജത്തെ സ്വീകരി ച്ചുകൊണ്ടാണ്. അപ്പോൾ സൂര്യപ്ര കാശത്തിന്റെ പഠനം നമുക്ക് ആവ ശ്യമായി വരും. ഒരു ചെടിയെക്കുറിച്ച് നമ്മൾ പഠിച്ച പ്പോൾ മണ്ണിനെക്കുറിച്ച് പഠിക്കേ ണ്ടിവരുന്നു. അതുപോലെ വിത്തി നെക്കുറിച്ച് പഠിക്കേണ്ടിവരുന്നു. കാലാവസ്ഥയെക്കുറിച്ച് പഠിക്കേ ണ്ടിവരുന്നു. അന്തരീ ക്ഷത്തെക്കുറിച്ച് പഠി ക്കേണ്ടിവരുന്നു. ഇത്രയും വിപുലമായ ഒരു പഠനത്തിലേയ്ക്ക് നമ്മളിങ്ങനെ വ്യാപിച്ച് വ്യാപിച്ച് പൊയ്ക്കൊ ണ്ടിരിക്കുന്നു. ഒന്നിൽ നിന്ന് മറ്റൊന്നിലേക്ക് ശാഖാചംക്രമണം ചെയ്തുകൊണ്ട് നമ്മൾ അന്വേഷിച്ചുകൊണ്ടിരിക്കുന്നു.

പ്രപഞ്ചത്തിലെ ഏതു വസ്തു വിനെ എടുത്താലും ആ വസ്തു വേറൊരു വസ്തുവിലേയ് ക്കു നമ്മെ നയിക്കുന്നുണ്ട്. എന്നാൽ ഈ പഠനം എവിടെയും അവസാ നിക്കുന്നില്ലതാനും. അതാണി തിന്റെ രസം. അങ്ങനെ അവസാനി ക്കാത്തിടത്തുനിന്നാണ് അവന് ബോധ്യം വരുന്നത് പ്രപഞ്ചവിഷയ ങ്ങളെ എണ്ണിയെണ്ണി തിട്ടപ്പെടുത്തി ബോധ്യം വരുകയില്ലാ എന്ന്. അപ്പോൾ അവന്റെ അന്വേഷണ ത്തിന്റെ ദിശ മാറുന്നു. ഇത്രയും നേരം അവൻ കണ്ണുകൾ പുറ ത്തേയ്ക്കുവച്ച് കാതുകൾ പുറ ത്തേയ്ക്കു വച്ച് മൂക്ക് പുറ ത്തേയ്ക്കു വച്ച് ത്വക്ക് പുറ ത്തേയ്ക്ക് വച്ച് അന്വേഷിക്കുകയാ യിരുന്നു. അപ്പോൾ അവിടെ അത് അവസാനിക്കുന്നില്ല. അത് നമുക്ക് സമാധാനം തരുന്നില്ല. ശാസ്ത്ര ജ്ഞനോട് ചോദിച്ചപ്പോൾ ശാസ്ത്രജ്ഞനും സുനിശ്ചിതത്വം ഇല്ല എന്നുള്ളതാണ്.

നാരായണഗുരുവിന്റെ ദർശനമാ



ലയ്ക്ക് മൂന്നു വാല്യങ്ങളായി ബൃഹത്തായ ഒരു അന്വേഷണ ത്തിന്റെ പരിപൂർത്തി എന്ന നിലയ്ക്ക് നടരാജഗുരു An Integrated Science of the Absolute എന്ന അതിബൃഹത്തായ ഒരു ഗ്രന്ഥം രചിച്ചിട്ടുണ്ട്. നടരാജ ഗുരു തന്റെ ജീവിതത്തിലെ നാൽപത് വർഷക്കാലം നിരന്തര മായി നടത്തിയ തപസ്സിന്റേയും ധ്യാനത്തിന്റേയും അന്വേഷണത്തി ന്റേയും പഠനത്തിന്റേയും ഒരു ഫലം എന്ന നിലയ്ക്കാണ് ആ ഗ്രന്ഥം എഴുതിയത്. അതിലെ ആദ്യത്തെ വാക്യംതന്നെ പൂർണിമ യുള്ള ചെറിയൊരു

ചൂർണികയാണ്. അത് തുടങ്ങുന്നത് ഇങ്ങനെയാണ്. Science seeks certitude. ശാസ്ത്രം സുനിശ്ചിതത്വത്തെ തേടുന്നു .

നമ്മളെല്ലാം വിചാരിച്ചിരിക്കുന്നത് ആധുനികശാസ്ത്രമാണ് ശാസ്ത്രം എന്നാണ്. എന്നാൽ നടരാജഗുരുവിനെ സംബന്ധിച്ചിടത്തോളം ആധുനികശാസ്ത്രം, ശരിയായ ശാസ്ത്രത്തിന്റെ ഒരു വശം മാത്രമേ ആകുന്നുള്ളൂ. ആധുനിക ശാസ്ത്രം ഭൗതികമായ ശാസ്ത്രമാണ്. ഈ ഭൗതികതയ്ക്ക് ആധാരമായിരിക്കുന്ന ഒന്നിനെ കുറിക്കുന്ന ഒരു ശാസ്ത്രമുണ്ട്. അത് ആദ്ധ്യാത്മികശാസ്ത്രമാണ്.

ഒരു ശാസ്ത്രം പൂർണമാകണമെങ്കിൽ അതിനു രണ്ടു പുറങ്ങൾ ഒന്നിക്കേണ്ടതായിട്ടുണ്ട്. ഒരു ബാഹ്യമായിരിക്കുന്ന വശവും ഒരു ആന്തരികമായിരിക്കുന്ന വശവും. ബാഹ്യവും ആന്തരികവും സമ്മേളിക്കുന്നിടത്താണ് ശാസ്ത്രം പൂർണമായിരിക്കുന്നത്. എന്നു പറഞ്ഞാൽ നമ്മുടെ ജിജ്ഞാസ രണ്ടു തരത്തിലാണ്. ഒന്ന് ആന്തരികമായിരിക്കുന്ന ദാഹം. വേറൊന്ന് ബാഹ്യമായിരിക്കുന്ന ദാഹം. ഭഗവദ്ഗീത ഈ രണ്ടു വഴികളേയും യോജിപ്പിച്ചുകൊണ്ടാണ് മുമ്പോട്ടു പോകുന്നത്.

ശങ്കരാചാര്യസ്വാമികൾ ഗീതാവ്യാഖ്യാനം ചമയ്ക്കുമ്പോൾ അതിന്റെ ആമുഖമായിട്ട് പറയുന്നു, രണ്ടു വഴികൾ മനുഷ്യനുണ്ട് എന്ന്. ഒന്ന് പ്രവൃത്തി മാർഗ്ഗം. വേറൊന്ന് നിവൃത്തി മാർഗ്ഗം. ഈ രണ്ടു വഴികളിലൂടെയും ഒരു വ്യക്തിതന്നെ പലപ്പോഴും ചലിക്കുന്നുണ്ട്. ഒരു വ്യക്തിതന്നെ രണ്ടു തരത്തിലുള്ള മാനസികചലനങ്ങൾ ഉണ്ടാക്കാറുണ്ട്. ബാഹ്യബോധത്തോടുകൂടി കർമ്മനിഷ്ഠയോടുകൂടി ഒരാൾ ലക്ഷ്യപ്രാപ്തിക്കുവേണ്ടി പ്രവൃത്തികൾ ചെയ്തുകൊണ്ടിരിക്കുമ്പോൾതന്നെ അവൻ അതിൽനിന്ന് പിൻതിരിഞ്ഞ് അവനിലേയ്ക്കുതന്നെ ചുരുങ്ങിക്കൂടാൻ ശ്രമിക്കുന്നത് നമുക്ക് കാണാൻ കഴിയാറുണ്ട്.

കാൾ ഗുസ്താഫ് യുങിന്റെ ഭാഷയിൽ പറയുകയാണെങ്കിൽ ഒരു വ്യക്തിയിൽതന്നെ introvert ആയിരിക്കുന്നതും extrovert ആയിരിക്കുന്നതും ആയ രണ്ടു മുഖങ്ങൾ കാണാൻ കഴിയും. ഒരു പ്രതിബദ്ധതയുമില്ലാതെ അനായാസമായി മറ്റുള്ളവരോട് സംസാരിക്കുകയും കുശലം പറയുകയും ചെയ്യുന്ന ചില ആളുകളുണ്ട്. പക്ഷേ കുറച്ചു നാളുകൾ കഴിയുമ്പോൾ അയാൾ ഏകാന്തതയിലേയ്ക്ക് പോകുന്നു. വിജനതയിലേക്ക് പോകുന്നു. മൗനിയായിത്തീരുന്നു. അധികം സംസാരിക്കുന്നില്ല. ബാഹ്യമായ ലോകത്തെക്കുറിച്ച് ചോദിച്ചാൽ അദ്ദേഹം പറയും അതിന്റെയൊക്കെ ആവശ്യം എന്തിനാണ് ? വെറുതെ എന്തിനാണ് കർമ്മങ്ങൾ ചെയ്യുന്നത് എന്നൊക്കെ .

ഈ തരത്തിൽ ഒരു മനുഷ്യ



നിൽതന്നെ രണ്ടു തരത്തിലുള്ള ബുദ്ധിയും പലപ്പോഴായി മാറിവരുന്നത് നമുക്ക് കാണാം. ഒരു പെന്റുലത്തിന്റെ ആന്ദോളനം പോലെ.... മനസ്സ് ആന്തരികമായ ഒരു കോടിയിൽപോയി തിരിച്ച് അതിന്റെതന്നെ ബാഹ്യമായ മറ്റേ കോടിയിലേക്ക് വരുന്നു.

മനസ്സിന് എന്നും സന്ദേഹം മാത്രമേ ഉള്ളൂ. ഏതാണ് ശരി എന്ന് മനസ്സിന് അറിയുന്നില്ല. ഏതാണ് ശരി എന്ന് അറിയാത്തതുകൊണ്ട് കുറച്ചുകാലം ബാഹ്യലോകമാണ് സത്യമെന്നും അതാണ് ജീവിതത്തിന്റെ അനുഭവങ്ങളുടെ സാകല്യം എന്നും കരുതി ആ ലോകത്തെ സ്വന്തമാക്കാനായി നിരന്തരം ശ്രമിക്കുമ്പോൾതന്നെ മനസ്സിന്റെ ഒരു വശത്തുനിന്നു പറയുന്നുണ്ട് നീ വൃഥാ പ്രയത്നം നടത്തിക്കൊണ്ടിരിക്കുകയാണ് എന്ന്. അതുകൊണ്ട് നീ ഈ ലൗകികമായ നേട്ടങ്ങൾക്കുള്ള ശ്രമം ഉപേക്ഷിക്കൂ. നീ നിന്നെ അറിയാൻ ശ്രമിക്കൂ. നീ ആരാണെന്ന് നീ മനസിലാക്കൂ. ഈ ചാഞ്ചാട്ടം (ambivalence), രണ്ടു ധ്രുവങ്ങളിലേക്കുള്ള ഈ ആന്ദോളനം എല്ലാ മനുഷ്യർക്കും സംഭവിക്കാവുന്നതാണ്.

ഈ ലോകത്ത് ജീവിക്കുന്ന എത്ര ധീരനായിരിക്കുന്ന വ്യക്തിക്കും എത്ര മനസ്ഥൈര്യം ഉണ്ടെന്നു പറയുന്ന വ്യക്തിക്കും ഈ ചാഞ്ചല്യം എപ്പോൾ വേണമെങ്കിലും സംഭവിക്കാവുന്നതാണ്. അത്രമാത്രം ദൃഢമല്ലാത്ത ഒരു ഭൂമികയിൽ ജീവിക്കുകയാണ് മനുഷ്യൻ. നാം കരുതും നമ്മുടെ ജീവിതം ഉറച്ച ഒരു പ്രതലത്തിലൂടെയാണ് കടന്നുപോകുന്നതെന്ന്. പക്ഷേ ആ ഉറച്ച പ്രതലത്തിന് എപ്പോൾ വേണമെങ്കിലും ഇളക്കം സംഭവിക്കാം എന്നതിന് ഉത്തമദൃഷ്ടാന്തമാണ് അർജ്ജുനൻ.

മഹാഭാരതം ആദ്യന്തം മനസ്സിലാക്കിച്ചെല്ലുമ്പോൾ അർജ്ജുനനെപ്പോലെ മനഃസ്ഥൈര്യമുള്ള ഒരു വ്യക്തിയെ നമുക്ക് കാണാൻ കഴിയുകയില്ല. അർജ്ജുനനെ പ്രതീക്ഷിച്ചുകൊണ്ടാണ്, അർജ്ജുനനെമാത്രം കേന്ദ്രീകരിച്ചുകൊണ്ടാണ് യുധിഷ്ഠിരനും ഭഗവാൻ കൃഷ്ണനുമൊക്കെ ഈ യുദ്ധം കുരുക്ഷേത്രഭൂമിയിലേക്ക് കൊണ്ടെത്തിക്കുന്നത്. ഈ അർജ്ജുനനിലൂടെയാണ് ഇവിടെ ധർമ്മസംസ്ഥാപനം സംഭവിക്കാൻ

പോകുന്നതെന്ന് എല്ലാവരും പ്രതീക്ഷിച്ചിരിക്കുമ്പോൾ ആ പ്രതീക്ഷക്കു വിപരീതമായിട്ടാണ് അർജ്ജുനനിൽ നിന്ന് ചില ചാപല്യങ്ങൾ പുറത്തേക്ക് വരുന്നത്.

മഹാഭാരതത്തിലെ അർജ്ജുനൻ വലിയൊരു ഇതിഹാസത്തിലെ ഒരു കഥാപാത്രം മാത്രമല്ല. നമ്മൾ വിചാരിക്കും ഒരു കഥാപാത്രം മാത്രമായിരിക്കും അർജ്ജുനനെന്ന്. എത്രയോ വർഷങ്ങൾക്കു മുമ്പ് കുരുക്ഷേത്രഭൂമിയിൽ ഉണ്ടായിട്ടുള്ള ആ മനസ്സിന്റെ സ്ഥിരതയില്ലാത്ത അവസ്ഥ നമ്മളെന്തിനു പഠിക്കണം ? നമുക്ക് അതുകൊണ്ടുള്ള പ്രയോജനമെന്താണ് ? അതിന് ഉത്തരമായിരിക്കുന്നത്, ഇപ്പോഴും ആ അർജ്ജുനൻ നമ്മുടെയുള്ളിൽ മരിച്ചിട്ടില്ല എന്നുള്ളതാണ്.

അതു മനസ്സിലാക്കണമെങ്കിൽ ഓരോ വ്യക്തിയെയും നമ്മൾ എടുത്താൽ മതി. കൊച്ചുകുട്ടികളെത്തന്നെ എടുത്തുനോക്കൂ. കൊച്ചുകുട്ടികൾക്ക് പരീക്ഷാസമയത്ത് ഉണ്ടാകുന്ന മാനസ്സികാവസ്ഥ നിങ്ങൾ ശ്രദ്ധിക്കണം. അഞ്ചിലോ ആറിലോ ഏഴിലോ ഒക്കെ പഠിക്കുന്ന കുട്ടികളെ പരീക്ഷയുടെ സയമാകുമ്പോൾ ശ്രദ്ധിക്കണം. അതുവരെ പാട്ടുപാടി സന്തോഷിച്ച് ജീവിച്ചിരുന്ന കുട്ടിയുടെ ഉള്ളിൽ എന്തോ ഒരു ഭീതി കടന്നുവരുന്നു. അച്ഛനും അമ്മയ്ക്കും ബന്ധുക്കൾക്കും കൂട്ടുകാർക്കും അദ്ധ്യാപകർക്കുമൊക്കെ അവനിലുള്ള പ്രതീക്ഷയെക്കുറിച്ചോർത്ത് അവൻ ദുഃഖിക്കുന്നു. താൻ പരീക്ഷയിൽ തോറ്റുപോകുമോ? തോറ്റുപോയാൽ അച്ഛന് തന്നോടുള്ള സ്നേഹം കുറയുമോ ? അമ്മയ്ക്ക് തന്നോടുള്ള സ്നേഹം കുറയുമോ? കൂട്ടുകാർക്ക് എന്നോടുള്ള സ്നേഹം കുറയുമോ ? ടീച്ചർക്ക് എന്നോടുള്ള സ്നേഹം കുറയുമോ ? ഇതെല്ലാം കുട്ടിക്ക് ഭയമാണ് .

അതുകൊണ്ട് എത്ര പഠിച്ചിട്ടും കുട്ടിക്ക് ഒർമ്മയിൽ നില്ക്കുന്നില്ല. പരീക്ഷാഹാളിലേയ്ക്കുചെന്ന് കുട്ടി ചോദ്യപേപ്പർ വാങ്ങിവായിക്കുമ്പോൾ അതിലെ പല ചോദ്യങ്ങളും കുട്ടിക്ക് ഉത്തരം എഴുതാൻ കഴിയാത്തതാകയാൽ കുട്ടിയുടെ മനസ്സ് മരവിച്ചുപോകുന്നു. കൈകൾ വിറയ്ക്കുന്നു. എഴുതാൻ കഴിയുന്നില്ല. പൊടുന്നനെതന്നെ അവന്റെയുള്ളിൽ ഒരു വേദന. ചിലപ്പോൾ വയറു വേദനയായിരിക്കാം. കുട്ടി പറയുന്നു എനിക്ക് വയറുവേദനിക്കുന്നു എന്ന്. അല്ലെങ്കിൽ ആ കുട്ടി അവിടെ തളർന്ന് വീഴുന്നു. അവന് ബോധക്ഷയമുണ്ടാകുന്നു. കാരണം കുട്ടിക്കു മനസ്സിനുണ്ടായിട്ടുള്ള ആഘാതം ശരീരത്തിലേക്കു പടർന്നു കഴിഞ്ഞു.

ഇത് സൈക്കോ സൊമാറ്റിക്ക് ആണ്. ഒരു ചിന്ത മനസ്സിലേക്ക് വരുമ്പോൾ ആ ചിന്ത മനസ്സിലേൽപ്പിച്ചിട്ടുള്ള ആഘാതം (trauma) ശരീരത്തിലേക്ക് വ്യാപിക്കുന്നു.. ശരീരത്തെ അത് കീഴടക്കുന്നു.

പിന്നെ ശരീരം മനസ്സ് പ്രവർത്തിച്ച പോലെ പ്രവർത്തിക്കാൻ തുടങ്ങും. മനസ്സിന്റെ ചാഞ്ചല്യം ശരീരത്തിന്റെ ചാഞ്ചല്യമായി മാറും. അർജ്ജുന നിൽ നമ്മൾ ഇതാണ് കാണുന്നത്. മഹാഭാരതത്തിലെ ഭീഷ്മപർവ്വ ത്തിൽ ശസ്ത്രപ്രയോഗം ആരംഭിച്ചു എന്നു പറയാവുന്ന ആ സന്ദർഭ ത്തിൽ യുദ്ധത്തിന്റെ നാഭിയായിരി ക്കുന്ന അർജ്ജുനന് ഇങ്ങനെ സംഭ വിച്ചു കഴിഞ്ഞാൽ ഉണ്ടാകുന്ന ഭവി ഷ്യത്തുകളെക്കുറിച്ച് നമ്മളൊന്ന് ആലോചിച്ച് നോക്കൂ.

പ്രത്യേകിച്ചും ധർമ്മസംസ്ഥാ പനത്തിനായി ഭഗവാൻ വന്നിരി ക്കുന്നു. ധർമ്മ സംസ്ഥാപന ത്തിന്റെ ഭാഗമായി അർജ്ജുനനെ കരുപിടിപ്പിച്ച് കൊണ്ടുവന്നിരിക്കു കയാണ്. അർജ്ജുനനാണ് ഈ ധർമ്മസംസ്ഥാപനത്തിനുള്ള ഉപക രണമായിരിക്കുന്നത്. ഈ ഉപകരണത്തിന് എന്തെങ്കിലും വൈകല്യമോ കോട്ടമോ വന്നാലത്തെ സ്ഥിതി ഒന്നാലോ ചിച്ചു നോക്കണം. എന്നാലും ഭഗവാൻ ഒരു ഡിവൈൻ തെറാപ്പി സ്ററ് ആയതിനാൽ അർജ്ജുനൻ എന്ന ഉപകരണത്തെഗീതാമൃതം നൽകി കുറ്റമറ്റതാക്കുന്നു.

ഭഗവദ്ഗീത ഒരു വ്യക്തിയിൽ നടത്തുന്ന സ്പിരിചൽ റിപ്പയറിങ് ആണ്. എവിടെയാണോ കോട്ടം ഉണ്ടായിട്ടുള്ളത് ആ കോട്ടം കണ്ടു പിടിച്ച് അതിനെ റിപ്പയർചെയ്ത് പൂർണമായി ഉണർന്നിരിക്കുന്ന ബോധമുള്ള, ധർമ്മനിഷ്ഠയുള്ള, കുറ്റമറ്റ ഒരു വ്യക്തിയാക്കി മാറ്റുന്നു.

ഭഗവദ്ഗീതയിലേക്കു പ്രവേശി ക്കുന്നതിനുമുൻപ് കുറേ ചോദ്യ ങ്ങൾ നമ്മുടെയുള്ളിലേയ്ക്ക് കട ന്നുവരണം. എന്താണ് ഭഗവദ്ഗീത? സാധാരണക്കാരായ ആളുകൾക്ക റിയില്ല എന്താണ് ഭഗവദ്ഗീതയെ ന്ന്. ഒരാൾ എന്നോട് ചോദിച്ചു, ഭഗ വദ്ഗീത എന്നുപറഞ്ഞാൽ എന്തെ ങ്കിലും പാട്ടാണോ എന്ന്. വഞ്ചിപാ ട്ടെന്നൊക്കെ പറയുന്നതുപോലുള്ള ഒരു പാട്ടാണോ ഗീത ? ഗീത എന്നു പറഞ്ഞാൽ ഗാനം എന്നു കേട്ടിട്ടു ണ്ട്. ഭഗവാന്റെ ഗാനമാണോ ഇത് ? വാസ്തവത്തിൽ അതൊരു ഗാനംത ന്നെയാണ്. ഭഗവാന്റെ ഗാനം എന്ന നിലയ്ക്ക് തന്നെയാണിത്. എഡ്വിൻ ആർനോൾഡ് എന്ന എഴു ത്തുകാരൻ Song Celestial എന്നാണ് ഭഗവദ്ഗീതക്ക് പേരു കൊടുത്തത്. ദിവ്യമായ ഒരു ഗീതം. എഡ്വിൻ ആർനോൾഡിന്റെ ഗീത യാണ് വിദേശീയർക്ക് ഏറെ പത്ഥ്യ മായിട്ടുള്ളത്. അങ്ങനെ ഉത്തമമായി രിക്കുന്ന ഒരു ഗീതം തന്നെയാണ് ഭഗവദ്ഗീത. പക്ഷേ അതൊരു വെറും ഗാനമല്ല. അതൊരു ദിവ്യമാ യിരിക്കുന്ന ഗീതയാണ്.

(തുടരും)

# സമാഗമത്തിന്റെ സുവിശേഷം

എവിടെ സമാഗമത്തിന്റെ സുവിശേഷം....?
എന്തെന്നാൽ ഈ പൊടിയിൽ നിന്നും ഉയിർത്ത് ദൈവമേ....
എന്റെ പടിവാതിലിൽ നിന്നെ സ്വീകരിക്കുവാൻ എനിക്കു ധൃതിയായി.
എന്റെ ആത്മാവ് കൂടണയാൻ കൊതിക്കുന്ന പക്ഷിയുടേതാണ്.
ലോകത്തിന്റെ കുടിലതകളിൽനിന്നും വിമുക്തനായി സ്വർഗത്തിന്റെ
അതിരുകളിൽ അലയുവാൻ കൊതിക്കുന്ന ഒരു പക്ഷിയുടേത്.
നിന്റെ പ്രേമത്തിന്റെ ഒരു പൊരിമതി എനിക്ക് ജീവിതത്തിന്റെ എല്ലാ
ഔന്നത്യങ്ങളും കാലവും, ഈ ജന്മവും എല്ലാം ഞാൻ വെടിഞ്ഞേക്കാം.
ദൈവമേ... നിന്റെ കൃപയുടെ മഴമേഘങ്ങൾ എന്റെ നേർവഴികളിൽ
പൊഴിയുമാറാകട്ടെ. നിന്റെ അനുഗ്രഹത്തിന്റെ വർഷബിന്ദുക്കൾ
എന്റെ കല്ലറയിൽ നനവ് പടർത്തട്ടെ...

നിന്റെ അനുഗൃഹീതമായ പാദങ്ങളുടെ സ്പർശം
ഈ കുഴിമാടത്തിനരികിലൂടെ ഒന്നു കടന്നുപോയാൽ മതി
പൊടിയെല്ലാം വഹിച്ച് ദിക്കുകൾതോറും വീശിയടിക്കുന്ന
കാറ്റിനെപ്പോലെ മനുഷ്യമേധയുടെ വിജ്ഞാനങ്ങളെയെല്ലാം
മറികടന്ന് അനന്തമായ വിഹായസ്സിൽ ഞാൻ സഞ്ചരിക്കും.
എനിക്കായ് കൈയിൽ വീഞ്ഞും കുറുങ്കുഴലുമായ്
നീ വരുമ്പോൾ നിന്റെ മധുരിമയാർന്ന ശബ്ദം കേൾക്കുന്ന
മാത്രയിൽതന്നെ എന്റെ ശരീരം ഒരു പുല്ലാങ്കുഴലായ് മാറിയേക്കാം...

പിന്നെ നിന്റെ ദിവ്യസന്നിധിയിൽ ഞാൻ ആനന്ദനൃത്തം ചെയ്യും
ഈ ഒരു രാത്രിമാത്രം നീ ഈ വൃദ്ധനെ നിന്റെ ഉഷ്മളമായ മാറിൽ
ചേർത്തുവച്ചേക്കുക. പുലരിവന്ന് എന്നെ ഉണർത്തുമ്പോൾ എന്റെ
വിളറിയ മുഖം നിന്റെ നിത്യസുരഭിലമായ മാറിടത്തിൽ
ചേർന്നിരിക്കുന്നത് കണ്ട് ഞാൻ ഉണർന്നുകൊള്ളട്ടെ.
നീയാകുന്ന പരംപൊരുളിന്റെ ദർശനത്തിൽ എന്റെ കണ്ണുകൾ ആറാടട്ടെ.
മാനവരാശി മുഴുവൻ അഭിലഷിക്കുന്നതും അതിനൊന്നിനായ് മാത്രമാണല്ലോ.
നീയാണല്ലോ ഹഫീസിന്റെ ആരാധനാമൂർത്തി. നിന്റെ മുഖദർശനം
അവനെ അവന്റെ ലോകത്തിൽനിന്നും ജീവിതത്തിൽനിന്നും ഉയിർക്കുമാറാകട്ടെ.

സ്വാമി നിർമ്മലാനന്ദ ഗിരി

# ഭഗവദ്ഗീതയിലെ യുദ്ധസങ്കല്പം



കാർമ്മയോഗമെന്ന മൂന്നാം അദ്ധ്യായത്തിൽ വൈകാരികതയും വൈചാരികതയും വെടിഞ്ഞുനിൽക്കുന്ന വേദിയിൽ അർജ്ജുനൻ ഭഗവാനോടു ചോദിക്കുന്നു: അല്ലയോ വൃഷ്ണിവംശജനായ ഭഗവാനേ, ആരുടെ പ്രേരണ നിമിത്തമാണ് ഇഷ്ടമില്ലെങ്കിലും ബലാത്കാരേണ നിയോഗിക്കപ്പെട്ടവനെപ്പോലെ മനുഷ്യൻ പാപകർമ്മം ചെയ്യുന്നത് ?

താൻ ചെയ്യാൻ പോകുന്നത് പാപമാണെന്ന് അർജ്ജുനന് വ്യക്തമായി അറിയാം.

പാപം കർമ്മേതി ദശഥഃ
കായ വാക് മനസാ ത്യജേത്.

ഹിംസ, സ്തേയം, അന്യഥാകാമം, പൈശുനം, പരുഷം, അനൃതം, സംഭിന്നാലാപം, വ്യാപാതം, അഭിധ്യ, ദൃഗ്വിപര്യയം ഈ പത്തു പാപങ്ങൾ അർജ്ജുനൻ ഗുരുകുലത്തിൽ പഠിക്കാതിരിക്കില്ല. ഇന്ന് നമ്മുടെ വിദ്യാഭ്യാസത്തിൽ ഇതിനെക്കുറിച്ചൊന്നും പറയുന്നുണ്ടാവില്ല. ഹിംസയും, സ്തേയവും, അന്യഥാകാമവും മൂന്ന് ശാരീരകപാപങ്ങളാണ്. പൈശുനവും പരുഷവും അനൃതവും സംഭിന്നാലാഭവും നാല് വാചികപാപങ്ങളും വ്യാപാതവും അഭിധ്യയും ദൃഗ്വിപര്യയവും മൂന്ന് മാനസികപാപങ്ങളുമാണ്.

ദശവിധപാപങ്ങളിൽ നിന്നാണ് ധീയും ധൃതിയും സ്മൃതിയും വിഭ്രംശംവന്ന് സകലമാനവികപ്ര ശ്നങ്ങളും ഉല്പന്നമാകുന്നത്.

ധീ, ധൃതി, സ്മൃതി വിഭ്രംശാത്
കർമ്മയത് കുരുതേ*f*ശുഭം
പ്രജ്ഞാപരാധം തം വിദ്യാത്
സർവദോഷപ്രകോപണം

ഇതിൽ ഭാരതീയാചാര്യന്മാർക്ക് ശങ്കയൊന്നുമില്ല. പ്രശ്നങ്ങൾ തന്നിൽനിന്ന് ബാഹ്യമായി ഉല്പ ന്നമാകുന്നില്ല എന്ന് സകലശാ സ്ത്രങ്ങളേയും വച്ച് പഠിച്ചവരാണ വർ. സമസ്ത മാനവപ്രശ്നങ്ങളും തന്റെ ഉള്ളിൽനിന്നു മാത്രമുണ്ടാ കുന്നു എന്ന് അറിഞ്ഞിട്ടുള്ളവരാ ണവർ. ധീയും ധൃതിയും സ്മൃതിയും വിഭ്രംശമാകുന്ന മുഹൂർത്തത്തിൽ യുദ്ധക്കളത്തിൽ അർജ്ജുനൻ വിഷാദിയായിത്തീരുന്നു.

ഇന്ദ്രിയസുഖം നൽകുന്ന വിഷയങ്ങളെ എപ്പോഴും ധ്യാനിച്ചുകൊണ്ടിരിക്കുന്നവന് അവയിൽ ആസക്തി ഉണ്ടാകുന്നു. ആസക്തിയിൽനിന്നു വിഷയാനുഭവത്തിനുള്ള ആഗ്രഹം ഉണ്ടാകുന്നു. ആഗ്രഹിച്ചതു ലഭിക്കാൻ പ്രതിബന്ധം വരുമ്പോൾ ക്രോധം ഉണ്ടാകുന്നു. ക്രോധംകൊണ്ടു വിവേകം നശിക്കുന്നു. അതിൽനിന്ന് ഓർമ്മത്തെറ്റുണ്ടാകുന്നു. അപ്പോൾ കർത്തവ്യാകർത്തവ്യവിവേകം നശിക്കുന്നു. അങ്ങനെ ഒടുവിൽ ആ മനുഷ്യൻ നശിക്കുന്നു. രണ്ടാമദ്ധ്യായത്തിൽ ഭഗവാൻ ഇക്കാര്യം വ്യക്തമാക്കുന്നുണ്ട്.

വിഷയാൻ ധ്യായതശ്ചിത്തം
വിഷയേഷു വിഷജ്ജതേ
മാമനുസ്മരതശ്ചിത്തം
മയ്യേവ പ്രവിലീയതേ.

എന്നു പഠിപ്പിച്ചവനാണ് ശംഖനാ ദവും മുഴക്കിനിൽക്കുന്ന കൃഷ്ണൻ.

വിഷയാൻ ധ്യായതശ്ചിത്തം വിഷയേഷു വിഷജ്ജതേ – വിഷയം വിശേഷേണ ബന്ധിക്കു ന്നു. ആ ബന്ധങ്ങളിലൂടെ....കാമ ക്രോധാദികളിലൂടെ കടന്നു യുദ്ധ ത്തിൽ എത്തിനിൽക്കുമ്പോൾ അർജ്ജുനനുതന്നെ അറിയാം ഇതു പാപമാണെന്ന്. അതുകൊ ണ്ടുതന്നെ അർജ്ജുനൻ മൂന്നാം അദ്ധ്യായാന്ത്യത്തിൽ സ്പഷ്ട മായി ചോദിച്ചു: ആരാൽ നിയുക്ത നായിട്ടാണ് ഭഗവാനേ ഈ പുരു ഷൻ പാപങ്ങളെ ചെയ്യുന്നത് ?

താൻ ചെയ്യാൻ പോകുന്നത് ഹിംസയാണെന്ന് വ്യക്തമായും അർജ്ജുനനറിയാം. ഈ പ്രകൃതി യുടെ ആന്ദോളനം തകർക്കാ നാണ് താൻ പോകുന്നത്. ഈ രാജ്യം ഒരു രാജാവിനോടുമൊപ്പം ഒരിക്കലും പോയിട്ടില്ല. രാജാ വെന്നോ പ്രജയെന്നോ ഭേദമി ല്ലാതെ അനുഭവദശയിൽ മുഴുവൻ പേർക്കുമുള്ളതും എന്നാൽ ആരു ടേതുമല്ലാത്തതുമാണ് ഇത്.

കസ്യസ്വിദ്ധനം – ആരുടേ താണ് ധനം ? എന്റെയല്ല. കാരണം ജാഗ്രത്തിൽ എന്റേത് എന്നു വിചാരിക്കുന്നത് സ്വപ്ന ത്തിൽ എന്റേതല്ല.

ഒരുവന്റെ കൂടെ നിത്യനിരന്തര

മായി സഹവസിക്കുന്ന അവന്റെ ഭാര്യ സ്വപ്നത്തിൽ ഭാര്യയാകണ മെന്നില്ല. ഒരുവളുടെ കൂടെ നിത്യ വും ജീവിക്കുന്ന അവളുടെ ഭർത്താവ് സ്വപ്നത്തിൽ ഭർത്താ വാകണമെന്നില്ല. അവന്റെ വീടും അവന്റെ രാജ്യവും അവന്റെ മമതാ ഭിമാനങ്ങളും സ്വപ്നത്തിൽ അവന്റേതല്ല. സുഷുപ്തിയിൽ അവന് ഒന്നുമില്ല. സന്ന്യാസിയും ഗൃഹസ്ഥനും ബ്രഹ്മചാരിയും വാനപ്രസ്ഥനുമെല്ലാം ഉറങ്ങു ബോൾ ഏകീഭവിക്കുകയും തിരോഭവിക്കുകയും ചെയ്യുന്നു. ഗാഢമായ സുഷുപ്തിയിൽ ഒന്നും അറിയുന്നില്ല. അപ്പോൾ ഈശാ വാസ്യമിദം സർവ്വം യത്കിഞ്ചജഗ ത്യാംജഗത് എന്നു കാണാം. ഇതെല്ലാം ഈശ്വരനാൽ മൂടപ്പെട്ടിരിക്കുന്നു എന്നു മനസ്സിലാക്കണം. ചിന്തിക്കുന്നവന് ഇത് അവന്റേതല്ല, എല്ലാവരുടേതു മാണ്. എല്ലാവരുടേതുമെന്നത് ഈട്ട് എന്ന ധാതുവിൽനിന്നു വരും. അനുഭവദശയിൽ എല്ലാവരു ടേയും എന്നാൽ ആരുടേതുമല്ലാ ത്തതുമായ ഇതിലുള്ള എന്റേത്, എന്റേത് എന്ന മമത മാനവനുണ്ടാ ക്കുന്ന നിയമങ്ങളിലാണുണ്ടാകുന്ന ത്. മാനവനിയമങ്ങൾക്കപ്പുറം രാജ്യത്തിന് ആർക്കും ഒരവകാശ വുമില്ല. രാജ്യം ആരുടേതുമല്ല. അതുകൊണ്ട് ഇത് എന്റേതാ ണെന്ന ബോധംതന്നെ ഹിംസാ ദോഷം ഉള്ള പാപമാണ്. ഭഗവാ നേ, ഈ പാപം ആരാണ് ചെയ്യി ക്കുന്നത്. അങ്ങല്ലേ ?

കാമ ഏഷ ക്രോധ ഏഷ
രജോഗുണസമുദ്ഭവഃ
മഹാശനോ മഹാപാപ്മാ
വിദ്ധ്യേനമിഹ വൈരിണം.

രജോഗുണത്തിൽനിന്നുണ്ടായതും എത്ര വിഷയങ്ങൾ അനുഭവിച്ചാലും മതിവരാത്തതും ആയ ഈ കാമവും അതിന്റെ രൂപാന്തരമായ ക്രോധവുമാണ് മഹാപാപങ്ങൾ ചെയ്യിക്കുന്നത്. അവ മനുഷ്യന്റെ വൈരികളാണെന്നു നീ മനസ്സിലാക്കുക എന്നാണ് ഭഗ വാന്റെ മറുപടി. അർജ്ജുനാ രജോ ഗുണത്തിൽ നിന്നുളവായ നിന്റെ കാമമാണ്....അത് പ്രതിഹതമാകു മ്പോൾ ഉണ്ടാകുന്ന ക്രോധമാണ് കാട്ടുതീപോലെ എല്ലാം തിന്നുന്ന വൻ. മഹാപാപിയുമായ അവനാണ് ഇതു ചെയ്യിക്കുന്നത് ഞാനല്ല.

ഈശ്വരനും ഈശ്വരചിന്തയും നിന്റെ ഹൃദയത്തിലുണ്ടാകുമ്പോൾ യുദ്ധങ്ങൾ ഇല്ലാതാകും. സ്നേഹം നിന്റെ ഹൃദയത്തെ സേചനം ചെയ്യുമ്പോൾ നീ യുദ്ധത്തിനു വെളിയിലാകും. നിന്റെ അന്തഃകര ണത്തിൽ കാമം കുടികൊള്ളു മ്പോൾ ഇന്ദ്രിയജനിത അനുഭവ ങ്ങൾ ഉല്പന്നമാക്കുന്ന സ്ഥൂലശരീ രതാദാത്മ്യവും ഇന്ദ്രിയജനിത അനുഭവങ്ങൾ ഉദ്ബുദ്ധമാകുമ്പോ ഴുണ്ടാകുന്ന നിന്റെ സൂക്ഷ്മശരീര താദാത്മ്യവും വാസനകൾ അനു ദ്ബുദ്ധമാകുമ്പോൾ ഉണ്ടാകുന്ന നിന്റെ കാരണശരീരവും നിന്നെ യുദ്ധത്തിലേക്കു നയിക്കുന്നു. അതുകൊണ്ട് അർജ്ജുനാ, നീ

നിന്റെ ശത്രുവിനെ തിരിച്ചറിയുക. അത് ഭീഷ്മരല്ല, ദ്രോണരല്ല, കൃപരല്ല, ശല്യരുമല്ല. ദുര്യോധനനും ദുശാസ്സനനും കർണ്ണനുമൊന്നുമല്ല. നിന്റെ ശത്രു നീ മാത്രമാണ്.

ഏവം ബുദ്ധേ പരം ബുദ്ധ്വാ
സംസ്തഭ്യാത്മാനമാത്മനാ
ജഹി ശത്രും മഹാബാഹോ
കാമരൂപം ദുരാസദം.

അതുകൊണ്ട് ബുദ്ധിയേക്കാളും ശ്രേഷ്ഠമാണ് ആത്മാവെന്നു മനസ്സിലാക്കി മനസ്സിനെ ബുദ്ധികൊണ്ടു നിയന്ത്രിച്ചു ഇഷ്ടംപോലെ പലരൂപങ്ങൾ കൈക്കൊള്ളുന്നതും പിടികിട്ടാൻ ബുദ്ധിമുട്ടുള്ളതമുമായ കാമരൂപമായ, ദുരാസദനായ നിന്റെ ശത്രുവിനെ ഇനി ജീവിക്കാൻ ഒരിക്കലും അനുവദിക്കാത്തവിധം കൊന്നുകളയുകതന്നെ വേണം.

ഭീഷ്മരേയും ദ്രോണരേയും മറ്റുള്ളവരേയുമൊന്നും പുനരാവർത്തനമില്ലാതെ കൊല്ലാൻ നിനക്കാവില്ല. ഇന്നു നീ കൊല്ലുന്ന ആ ആളുകളൊക്കെ നാളെ ഒരു യുദ്ധക്കളത്തിൽ നിന്നെ കൊല്ലാനുണ്ടാകും. കാരണം, ഇതു പരമ്പരയാണ്. നീ ഇന്നു നൽകുന്നതെല്ലാം നാളെ നീ വാങ്ങാനുണ്ടാകും. കാരണം നിന്റെ ജനിതകങ്ങളിൽ അതിന്റെ സ്മരണകളുണ്ടാകും. നീ കൊടുത്തതെല്ലാം നാളെ നീ വാങ്ങും. നീ വാങ്ങിയതെല്ലാം നാളെ നീ കൊടുക്കുകയും ചെയ്യും. മറിച്ചു കൊടുക്കാനും വാങ്ങാനുമില്ലാത്ത നിത്യമായ സത്യത്തിലേക്ക് നീ ഉയരാനാഗ്രഹിക്കുന്നുവെങ്കിൽ അർജ്ജുനാ, നീ ഇപ്രകാരം ബോധത്തിൽ മനസ്സിനെ മനസ്സുകൊണ്ട് അടക്കിയിട്ട് കാമരൂപമായ ദുരാസദമായ ശത്രുവിനെ ജയിക്കുക.

ഭീഷ്മർ നിനക്ക് സദാസദനാണ്. ശിഖണ്ഡിയെ മുൻനിറുത്തി ഒരായുധമയച്ചാൽ അദ്ദേഹം ആയുധം താഴെ വയ്ക്കും. അതോടെ അദ്ദേഹം സദാസദനാകും. നിന്റെ ശരശയ്യയിൽ അദ്ദേഹം വീഴും. അർജ്ജുനാ, നിനക്ക് കർണ്ണനേയും വധിക്കാം. അവരൊക്കെ സദാസദന്മാരാണ്. ദുരാസദനായ ഒരു ശത്രു യുദ്ധക്കളത്തിലല്ല, നിന്റെ ഉള്ളിലാണ് ഉള്ളത്. നിന്റെ ശത്രു അവൻ മാത്രമാണ്. ദുരാസദനായ ശത്രുവിനെ, കാമത്തെ കൊന്നുകളയൂ അർജ്ജുനാ. ഗീതയുടെ മർമ്മപ്രധാനമായ വിഷയമിതാണ്. അവിടെനിന്ന് നീ

ഉദ്ധരേദാത്മനാത്മാനം
നാത്മാനമവസാദയേത്.
ആത്മൈവ ഹ്യാത്മനോ ബന്ധു-
രാത്മൈവ രിപുരാത്മനഃ.

ആത്മാവിനെ ആത്മാവിനെക്കൊണ്ട് ഉദ്ധരിക്കണം. ആത്മാവിനെ തളർത്തരുത്. ആത്മാവുതന്നെയാണ് ആത്മാവിന്റെ ബന്ധു. ആത്മാവുതന്നെയാണ് ആത്മാവിന്റെ ശത്രുവും. സമുജ്ജ്വലമായ ഈ മഹാസത്യത്തെയാണ് ഗീത പഠിപ്പിച്ചത്.

(തുടരും)

തയ്യാറാക്കിയത് : രവീന്ദ്രനാഥ്
വിദ്യാപ്രകാശൻ സമിതി


അഭിമുഖം

ഡോ. സുധീർ ഇ.പി



# വൈദ്യവൃത്തി എന്റെ ധ്യാനം

## രാഘവൻ തിരുമുൽപ്പാട്



ശ്രീ വൈദ്യഭൂഷണം രാഘവൻ തിരുമുൽപ്പാട് ആയുർവേദരംഗത്തെ ആചാര്യനാണ്. ആചാര്യൻ എന്ന പദത്തിന് അദ്ദേഹം എല്ലാ വിധത്തിലും യോഗ്യനാകുന്നു. കഴിഞ്ഞ അറുപതിലേറെ കൊല്ലങ്ങളായി, ആയുർവേദമാണ് അദ്ദേഹത്തിന്റെ അകതാരിൽ നിറഞ്ഞുനിൽക്കുന്നത്. ലാളിത്യമാണ് അദ്ദേഹത്തിന്റെ മുഖമുദ്ര. ഈ ലാളിത്യം അദ്ദേഹത്തിന്റെ ജീവിതത്തിലും ചികിത്സയിലും ഗ്രന്ഥരചനയിലുമെല്ലാം ഉടനീളം തെളിഞ്ഞുകാണുന്നു. അദ്ദേഹത്തിന്റെ ഭാഷയിൽ പറഞ്ഞാൽ സിമ്പിൾ , ഹമ്പിൾ ആൻഡ് മോഡസ്റ്റാണ് അദ്ദേഹത്തിന്റെ ജീവിതം. പരമ്പരാഗതമായ രീതിയിൽ ഗുരുകുലസമ്പ്രദായത്തിൽ ആയുർവേദം അഭ്യസിച്ച് അതേരീതിയിൽതന്നെ അദ്ദേഹം രോഗികളെ ചികിത്സിക്കുന്നു. തന്റെ അറിവ് സദാ വിദ്യാർത്ഥികൾക്ക് പകർന്നുനൽകുന്നതിൽ ആനന്ദം കണ്ടെത്തുന്നു. വിദ്യാർത്ഥികൾക്ക് അദ്ദേഹം പ്രിയ ഗുരുനാഥനാകുന്നു.

ആയുർവേദം ഇന്നൊരു വ്യവസായിമായിക്കൊണ്ടിരിക്കുയാണ്. ആയുർവേദചികിത്സയുടെ ചിലവ് വളരെയധികം വർധിച്ചിട്ടുണ്ട്. തിരുമുൽപ്പാട് സാറിന്റെ ചികിത്സ ലളിതവും നിർധനരായ രോഗികൾക്കുപോലും പ്രാപ്യമാകണം എന്ന നിഷ്കർഷയോടുകൂടി ഉള്ളതുമാണ്. ആയുർവേദഗ്രന്ഥങ്ങൾ നിരന്തരം വായിക്കുകയും മനനം ചെയ്യുകയും വ്യാഖ്യാനങ്ങളും ലേഖനങ്ങളും എഴുതുകയും ചെയ്യുന്നു. നിരവധി ശാസ്ത്രപ്രബന്ധങ്ങളും അദ്ദേഹം രചിച്ചിട്ടുണ്ട്. ആരോഗ്യവിഷയസംബന്ധിയായ ആനുകാലികങ്ങളിലും മറ്റും അദ്ദേഹത്തിന്റെ ലേഖനങ്ങൾ പ്രസിദ്ധീകരിക്കുക വഴി അനേകർക്ക് ആരോഗ്യവിഷയത്തിൽ സംശയനിവാരണം നടത്തുന്നുണ്ട്. ശ്രീനാരായണഗുരുവിന്റെ ആശയങ്ങൾ അദ്ദേഹത്തെ വളരെ സ്വാധീനിച്ചിട്ടുണ്ട്. അദ്ദേഹം തികഞ്ഞ ഒരു ഗാന്ധിയനാണ്. നാരായണഗുരുവിന്റെ ശിഷ്യനായിരുന്ന വിദ്യാനന്ദ സ്വാമികളുമായുള്ള അടുപ്പവും സ്വാമി നൽകിയ ഉപദേശവും തിരുമുൽപ്പാട് സാർ വളരെയധികം വിലമതിക്കുന്നു.

അനവധി പുരസ്ക്കാരങ്ങൾ അദ്ദേഹത്തെ തേടിവരുന്നു. എന്നാൽ കർമ്മം ചെയ്യുക, ഫലത്തെക്കുറിച്ചു ചിന്തിക്കാതിരിക്കുക എന്ന ഗീതാവാക്യമാണ് അദ്ദേഹം ജീവിതത്തിൽ പുലർത്തുന്നത്. ഈ എൺപത്തിയെട്ടാം വയസ്സിലും അദ്ദേഹം കർമ്മനിരതനാണ്.

ചോദ്യം: ആയുർവേദത്തിൽ ആരോഗ്യമെന്ന തത്ത്വം എങ്ങനെ മനസ്സിലാക്കാം?

ഉത്തരം : ആരോഗ്യമെന്നുവച്ചാൽ രോഗമില്ലായ്മ. ഒന്നും പഠിപ്പിക്കാതെ തന്നെ രോഗമെന്നത് ആളുകൾക്കറിയാം. ആരോഗ്യമെന്നാൽ അറിയില്ല. ആരോഗ്യമെന്നത് ഒരു പോസിറ്റീവ് ടേമാണ്

ചോ: തിരുമുൽപ്പാട് സാർ ലളിതമായ ഔഷധങ്ങളാണ് രോഗികൾക്ക് പറഞ്ഞുകൊടുക്കുന്നത്. എന്നാൽ ഇപ്പോഴത്തെ ആയുർവേദചികിത്സ പലപ്പോഴും ഔഷധബാഹുല്യംകൊണ്ട് വളരെ ചിലവേറിയതാണ്...

ഉ : ആയുർവേദം നല്ല രീതിയിൽ മനസ്സിലാക്കിയാൽ അത് ഏറ്റവും ലളിതമായ രീതിയിൽ നിർധനനായവനുപോലും പ്രയോജനപ്പെടുത്തുവാൻ സാധ്യമാകും. ആയുർവേദത്തിന്റെ വളർച്ചയിപ്പോൾ വ്യാപാരരൂപത്തിലാണ്. അതിൽ ലാളിത്യമില്ല. പൈസ കിട്ടുക എന്നേയുള്ളൂ. അതല്ലാതെ അറിയുക, പ്രായോഗികമാക്കുക എന്ന സമ്പ്രദായമാണ് എന്റെ മനസ്സിലുള്ളത്. എന്റെ ജീവിതത്തിൽ ഏറ്റവും വലിയ പുണ്യമായി എനിക്ക് തോന്നിയിട്ടുള്ളത് ഒരു വൈദ്യനാവുക എന്നതാണ്. മറ്റുള്ളവരുടെ ദുഃഖം ശമിപ്പിക്കാൻവേണ്ടി നമുക്കു പ്രവർത്തിക്കാം. അതിൽ നമു

ക്കെന്തു കിട്ടി എന്നാലോചിക്കേണ്ട പ്രശ്നമില്ല. പക്ഷേ, അതിൽ നിന്നു തന്നെ ആവശ്യമുള്ളതു കിട്ടും. എനിക്കു വ്യാപാരമായി വൈദ്യശാലകളൊന്നുമില്ല. പക്ഷേ, എന്റെ കാര്യങ്ങളെല്ലാം നടന്നുപോകുന്നുണ്ട്. എന്നെ സംബന്ധിച്ച് ആയുർവേദം ഒരു ജീവിതരീതിയാണ്. വേറെ ഉപജീവനമാർഗ്ഗമില്ലാത്തതുകൊണ്ട് ആയുർവേദമാണ് ഉപജീവനം എന്നും പറയാം.

ചോ : മോഡേൺ ടെക്നോളജികൾ ആയുർവേദചികിത്സയിൽ ഉപയോഗപ്പെടുത്താൻ കഴിയുമോ ?


ഉ : എല്ലാ അറിവും ഉപയോഗപ്പെടുത്താം. എത്ര കണ്ട് ആവശ്യമുണ്ടെന്നത് വേറെ കാര്യം.

ചോ : പഞ്ചകർമ്മചികിത്സപോലും പലപ്പോഴും ആവശ്യമില്ലെന്നല്ലേ സാർ പറയുന്നത് ?

ഉ : ആവശ്യമില്ല. ഒരു പരിധിവിട്ട് ദോഷം വർധിക്കുകയാണെങ്കിൽ മാത്രമേ പഞ്ചകർമ്മ ആവശ്യമുള്ളൂ. അങ്ങനെ വർധിക്കുന്നില്ല. കേരളത്തിൽ കാലാവസ്ഥ ഒരു പരിധിവിട്ട് പോകുന്നില്ല. നേരേമറിച്ച് വടക്കോട്ട് പോയാൽ അങ്ങനെയല്ല. ഇവിടെ അതിയായ മഞ്ഞ്, അതിയായ ചൂട് അങ്ങനെയൊന്നുമില്ല. ചെറിയ മാറ്റമേ ഉള്ളൂ. സാമാന്യമായി പത്ഥ്യത്തിൽ ജീവിക്കുന്ന ഒരാൾക്ക് കാലാവസ്ഥാവ്യതിയാനം കൊണ്ട് വരാവുന്ന രോഗങ്ങൾ ഉണ്ടാകുന്നില്ല. ഉണ്ടായാൽതന്നെ ശമനചികിത്സ കൊണ്ട് പരിഹാരം കാണാൻ കഴിയും.

ചോ : ആയുർവേദത്തിൽ പത്ഥ്യത്തിന്റെ പ്രാധാന്യത്തെക്കുറിച്ചൊന്ന് വിശദീകരിക്കാമോ ?

ഉ : ഏതു രോഗമാണ് ആയുർവേദംകൊണ്ടു മാറാത്തത് ? എനിക്കു തോന്നുന്നത് പത്ഥ്യമുണ്ടെങ്കിൽതന്നെ രോഗം മാറും. പത്ഥ്യത്തിന്റെ നിഷ്ക്കർഷയോടുകൂടി ലളിതമായ ഔഷധങ്ങൾ ഉപയോഗിക്കുകയാണെങ്കിൽ ഏതു രോഗവും ആയുർവേദംകൊണ്ടു മാറും. പത്ഥ്യം വേണമെന്നതാണ് ഏറ്റവും പ്രധാനം. ഒരു സംസ്ക്കാരത്തിൽ ഇരിക്കുന്നതാണ് പത്ഥ്യം. നമ്മുടെ ജീവിതത്തിൽ ചില നിയമങ്ങളും ചിട്ടകളും വേണം. അതാണ് പത്ഥ്യം. പത്ഥ്യം മാത്രമേ ആരോഗ്യത്തിന് സഹായിക്കുകയുള്ളൂ. ഔഷധം രോഗം മാറാൻ സഹായിക്കുന്നതല്ലാതെ ആരോഗ്യമുണ്ടാക്കാൻ സഹായിക്കുന്നില്ല. പത്ഥ്യം എന്നു വച്ചാൽ എന്താണിത്ര പേടിക്കാനു



ള്ളത് ? വേണ്ടാത്തതൊക്കെ വേണ്ടെന്നുവയ്ക്കണം. വേണ്ട തൊക്കെ വേണമെന്നു വയ്ക്കണം. അതാണ് പത്ഥ്യം.

ചോ : രോഗികളുടെ വാസനകൾ മാറ്റാൻ ബുദ്ധിമുട്ട് വരാറില്ലേ ?

ഉ : നിരന്തരമായ ആരോഗ്യവിചാരംകൊണ്ട് വാസന ക്കുതന്നെ കുറേ വ്യത്യാസം വരും.

ചോ : പത്ഥ്യത്തിന് ദേശകാലഭേദ ങ്ങളുണ്ടോ ?

ഉ : അതുണ്ട്. ദേശകാലഭേദങ്ങ ളിൽ ജീവിതരീതിക്ക് വ്യത്യാസം വരുമല്ലോ. ജീവിതരീതി നമ്മ ളേയും ബാധിക്കാതിരിക്കില്ല.

ചോ : പലരും പത്ഥ്യമെന്നാൽ ഭക്ഷണമാത്രമാണ് എന്നാണ് വിചാരിക്കുന്നത്. അതിലും വിപുല മായ അർത്ഥം അതിനില്ലേ ?

ഉ : നമുക്ക് എൺപതു വയസു വരെ ജീവിക്കാൻ ആഹാരകാര്യ ങ്ങൾമാത്രം നോക്കിയാൽ മാത്രം മതി. പിന്നെ ആവശ്യത്തിനുമാത്ര മുള്ള ആലോചനകൾ മതി. ഞാനി ത്രയുംകാലം ജീവിക്കാൻ കാരണം ആഹാരം കുറച്ചതാണ്. ആഹാരം കുറച്ചാൽതന്നെ ആയുസ് വർധിക്കും . ഡൈജഷൻ എന്നു പറയുന്നതുതന്നെ ഒരു വലിയ ജോലിയാണ്.

ചോ : ഭക്ഷണത്തിൽ സാത്വികം, രാജസം, താമസം എന്നീ വിഭാ ഗത്തെ എങ്ങനെ കാണുന്നു ?

ഉ : ലോകത്തെ എല്ലാ വസ്തുക്ക ളേയും ത്രിഗുണത്തിന്റെ അടി സ്ഥാനത്തിൽ വിലയിരുത്താം.

ചോ : ഇപ്പോഴത്തെ സമൂഹത്തിൽ നമ്മുടെ ഭക്ഷണസംസ്ക്കാരത്തിന് വ്യത്യാസം വന്നുകൊണ്ടിരിക്കു ന്നു. പാശ്ചാത്യരീതിയിലുള്ള ഭക്ഷണം സുലഭമാകുന്നു. വളരെ സിമ്പിളായ ഒരു ഭക്ഷണരീതി സാറിന് നിർദ്ദേശിക്കാമോ ?

ഉ : അമ്പതു കൊല്ലം മുമ്പ് നമ്മുടെ നാട്ടിലെ നമ്പൂതിരിമാ രുടെ ഇടയിലും മറ്റും നിലനിന്നി രുന്ന ഭക്ഷണരീതി വളരെ സിമ്പി ളായിരുന്നു. വേണ്ടത് വേണ്ടത്ര മാത്രം മതി.

ചോ : അങ്ങയുടെ ചികിത്സയിൽ മോരിന്റെ ഉപയോഗം പ്രത്യേകം പറയുന്നുണ്ടല്ലോ ?

ഉ : മോര് ഡൈജഷനെ സഹായി ക്കുന്നു. പാലിനെ അപേക്ഷിച്ച് മോരാണ് നല്ലത്. പാൽ അഗ്നിമാന്ദ്യ മുണ്ടാക്കുന്നു. മോര് അഗ്നിദീപ്തി യും. കേരളത്തിലെ ഭക്ഷണരീതി മോർകൂട്ടി ഊണ് കഴിക്കുന്നതാണ്. നെയ്യിനേക്കാൾ മോരിനാണ് ദഹന ത്തിൽ പ്രാധാന്യം. പച്ചമോര് മതി. കാച്ചിയമോരിൽ കറിവേപ്പിലയും മഞ്ഞപ്പൊടിയും മറ്റും ചേർക്കുന്നത് ഒരു കഷായത്തിന്റെ ചുവയുണ്ട്. അതു സൗകര്യംപോലെ ചെയ്യാം.

ചോ : യോഗയെക്കുറിച്ച് സാറിന്റെ അഭിപ്രായം എന്താണ് ?

ഉ : മനുഷ്യൻ മനസ്സിനെ നിയന്ത്രി ക്കണം. ചിത്തവൃത്തിനിരോധ മാണ് യോഗം. മനസ്സിനെ നിയന്ത്രി ക്കാനുള്ള ഉപായമാണ് യോഗം.

ചോ : പ്രകൃതിചികിത്സയെ എങ്ങനെ കാണുന്നു ?

ഉ : പ്രകൃതിചികിത്സയെന്നാൽ ആരോഗ്യത്തിനായി സ്വാഭാവിക മായി നമ്മൾ സ്വീകരിക്കേണ്ട കാര്യമാണ്. ഇപ്പോൾ പ്രകൃതിചി കിത്സയും ഒരു ശാസ്ത്രമാക്കി. ഞാൻ പ്രകൃതിചികിത്സ പഠിച്ചിട്ടു ണ്ട്. അതിൽനിന്നാണ് ആഹാരക്ര മംകൊണ്ടുതന്നെ രോഗമില്ലാതെ നോക്കാമെന്നും രോഗത്തെ മാറ്റാ മെന്നും ആത്മവിശ്വാസമുണ്ടായത്.

ചോ : ജ്യോതിഷത്തെക്കുറിച്ചുള്ള അഭിപ്രായം പറയാമോ ?

ഉ : അറിയാത്തതിനെക്കുറിച്ചു പറ യലാണ് ജ്യോത്സ്യം. ജ്യോതിഷം അന്ധവിശ്വാസമാണെന്നു ഞാൻ വിശ്വസിക്കുന്നില്ല. അതുപോലെ തന്നെ അത് പൂർണ്ണമായും ശരിയാ ണെന്നും വിശ്വസിക്കുന്നില്ല.

ചോ : അമൃതത്വപ്രാപ്തിയെ എങ്ങനെ കാണുന്നു ?

ഉ : മരണം എന്നുവച്ചാൽ പ്രവൃത്തി ഇല്ലാതാവുക. ശരീരം ബാക്കിയുണ്ടാകും. എന്നാൽ ശരീ രത്തിന്റെ ചൈതന്യം ഇല്ലാതാകു ന്നു. അമൃതത്വപ്രാപ്തിയെന്നാൽ മരണമില്ലായ്മ എന്നാണർത്ഥമെ ങ്കിലും അങ്ങനെയൊന്നില്ല. ആയുർവേദത്തിൽ ആയുസ്സ് നീട്ടി ക്കൊണ്ടുപോകലാണ് അമൃതത്വം.

ചോ : ഗാന്ധി അങ്ങയുടെ ജീവി തത്തെ വളരെ സ്വാധീനിച്ചതായി പറയുന്നുണ്ടല്ലോ ?

ഉ : ഗാന്ധി എന്ന ആചാര്യനാണ് എന്റെ ആശയങ്ങൾക്കടിസ്ഥാനം. ഞാൻ നൂറു ശതമാനം ഗാന്ധിയ നാണ്. ഞാനൊരു കോൺഗ്രസ്സ് പ്രവർത്തകനായിരുന്ന കാലത്ത് പല ഡോക്ടർമാരും ശാസ്ത്ര ജ്ഞന്മാരും മറ്റും സ്വാതന്ത്ര്യസമര ത്തിൽ പ്രവർത്തിച്ചിരുന്നു. പി. സി റോയ് തുടങ്ങിയവർ. അവരുടെ ഗ്രന്ഥങ്ങൾ വായിച്ചപ്പോൾ മനസ്സി ലായത് സ്വാതന്ത്ര്യപ്രസ്ഥാന ത്തിൽ പ്രവർത്തിക്കുന്നതിന് ഒന്നും തടസ്സമല്ല എന്നാണ്. ഞാൻ ആ നിലയിൽ കൊച്ചിരാജ്യ ത്തിന്റെ രാഷ്ട്രീയത്തിൽ ഇടപെടു കയും ചെയ്തു.

ചോ : ശ്രീനാരായണഗുരുവിന്റെ ശിഷ്യനായ വിദ്യാനന്ദസ്വാമികൾ ഒരു ഉപദേശം തന്നു എന്നു പറയു ന്നുണ്ടല്ലോ..

ഉ : അത് യാദൃച്ഛികമായി ഉണ്ടായ താണ്. ചുറ്റുപാടും കിട്ടുന്ന ഏതാനും മൂലികകൾകൊണ്ട് ഏതു രോഗവും ചികിത്സിക്കത്തക്ക ആയുർവേദം പഠിക്കണമെന്നാണ് അദ്ദേഹം പറഞ്ഞത്. ഈ ഉപദേശ ത്തെക്കുറിച്ച് അന്നും ഇന്നും എന്നും ഞാൻ ആലോചിക്കാറുണ്ട്. വിചാരരമണീയമായൊരു തത്ത്വം അതിലടങ്ങിയിരിക്കുന്നു. നൂറ് ശത മാനം പ്രായോഗികവും പ്രയോജന കരവുമാണ് ആ നിർദ്ദേശം. അറു പതു കൊല്ലത്തെ ശാസ്ത്രപഠനം കൊണ്ടും അമ്പത്തഞ്ചുകൊല്ലത്തെ ചികിത്സാനുഭവംകൊണ്ടും എനിക്കങ്ങനെ പറയാൻ കഴിയും.

ചോ : വിവേകാനന്ദകൃതികൾ സാറിന് വളരെ ഇഷ്ടമാണെന്ന് കേട്ടിട്ടുണ്ടല്ലോ ?

ഉ : ശരിക്കും നല്ല ഇംഗ്ലീഷ് വായി

ക്കണമെങ്കിൽ വിവേകാനന്ദകൃതികൾ വായിക്കണം. എത്ര ലളിതമായി നമുക്കു മനസ്സിലാവുന്ന രീതിയിലാണ് വേദാന്തം എഴുതിത്തന്നിരിക്കുന്നത്.

ചോ : വേദാന്തപ്രഭാഷണങ്ങൾ നടത്താറുണ്ടോ ?

ഉ : ഉണ്ടായിരുന്നു. ഈ അടുത്തുള്ള അമ്പലങ്ങളിലൊക്കെ ഭാഗവതം, വാല്മീകി രാമായണം ഇതൊക്കെ വായിക്കാറുണ്ടായിരുന്നു.

ചോ : ആദ്യകാലത്തുണ്ടായിരുന്ന പുസ്തകങ്ങളോടുള്ള താല്പര്യം ഇപ്പോഴും ഉണ്ടോ ?

ഉ : പുസ്തകങ്ങളോടുള്ള താല്പര്യം ഇപ്പോഴുമുണ്ട്.

ചോ : അങ്ങയുടെ ഗ്രന്ഥരചനയെക്കുറിച്ചു പറയാമോ ?

ഉ : എനിക്കു വിശ്വാസമുള്ള അറിയുന്ന വിഷയങ്ങളെക്കുറിച്ചേ ഞാൻ എഴുതാറുള്ളൂ. അതാണെന്റെ ശൈലി. ആദ്യം ഭഗവദ്ഗീതയാണ് എഴുതിയത്. അതിനു ശേഷം എനിക്കു തോന്നി, സംസ്കൃതത്തിൽ മാത്രമേ നല്ല ആശയങ്ങൾ ഉള്ളൂ എന്ന് പറയാൻ വയ്യല്ലോ. അപ്പോൾ തമിഴിലുള്ള തിരുക്കുറൾ തർജ്ജമ ചെയ്തു. അവനവന്റ തൃപ്തിക്കാണ് വായിക്കേണ്ടതും ചെയ്യേണ്ടതും. ധർമ്മപദമാണ് പിന്നീട് തർജ്ജമ ചെയ്തത്. ലോകത്ത് മതങ്ങൾ തമ്മിൽ ഒരു വൈരുദ്ധ്യവും ഇല്ല. ചില നിക്ഷിപ്ത താല്പര്യങ്ങൾ ആ മതത്തെക്കുറിച്ച് എങ്ങനെ മനസ്സിലാക്കുന്നുവോ അതാണ് അവരുടെ ഇന്നത്തെ മതം.


ചോ : വിദ്യാർത്ഥികൾക്ക് അറിവു പറഞ്ഞുകൊടുക്കുന്നതിനെക്കുറിച്ച് പറയാമോ ?

ഉ : എന്റെ സങ്കല്പം ഒരു മരച്ചുവട്ടിലിരുന്നോ ഒരു ആശ്രമത്തിലിരുന്നോ രോഗികളെ ചികിത്സിക്കുക എന്നതായിരുന്നു. ആയുർവേദം എനിക്ക് ഒരു ഉപജീവനമാർഗ്ഗം എന്നുപോലും കരുതാതെ ശ്വാസോച്ഛ്വാസം ചെയ്യുന്നതുപോലെയാണ്. അന്നും എനിക്കൊരു ആഗ്രഹം ഉണ്ടായിരുന്നു. വിദ്യാർത്ഥികൾക്ക് എന്തെങ്കിലും പകർന്നുകൊടുത്തുകൊണ്ടേയിരിക്കുക. ഞാനെന്റെ ശിഷ്യന്മാർ എത്രകണ്ട് യോഗ്യന്മാരാണെന്ന് അന്വേഷിക്കാറില്ല. സംശയം ചോദിച്ചാൽ പറഞ്ഞുകൊടുക്കുകയല്ലാതെ മറ്റൊന്നിലേക്കും കടക്കാറില്ല. ഇവിടെ വന്നിരിക്കുന്ന വിദ്യാർത്ഥികളെ ഏതോ ഒരംശം ആകർഷിക്കുന്നു. ആ ഒരു അംശം കൊണ്ട് സംശയനിവാരണം നടക്കുന്നു.

ചോദ്യം : അങ്ങയുടെ ജീവിതത്തിൽ ധ്യാനത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് പറയാമോ ?

ഉത്തരം : ആയുർവേദത്തിലുള്ള പ്രവർത്തനംതന്നെ ഒരു ധ്യാനമാണെന്നു പറയാം.

ദൃശ്യവേദാന്ത



പ്രവീൺ വി. പി.   ജിഗീഷ് കെ.

# ദൃശ്യരൂപങ്ങൾ കഥ പറയുമ്പോൾ...



കഥ, നോവൽ തുടങ്ങിയവയുമായി താരതമ്യം ചെയ്യുമ്പോൾ ചലച്ചിത്രങ്ങൾ "ക്ളാസിക്" എന്ന നിലയിലേക്കുയരുന്നത് അപൂർവമായി മാത്രമാണ്. സിനിമയുടെ ഭാഷ ദൃശ്യങ്ങൾ തന്നെയാണ്. വായനയിൽ വാക്കുകൾക്കിടയിലെ മൗനം എന്ന പോലെ, തിരശ്ശീലയിൽ ദൃശ്യ ബിംബങ്ങൾക്കിടയിലെ മൗനം പൂരിതമാവുമ്പോൾ മാത്രമാണ് പ്രേക്ഷകനിൽ ചലച്ചിത്രാനുഭവം ഉണ്ടാകുന്നത്. കഥാപാത്രങ്ങളുടെ ഭാഷണങ്ങൾക്കപ്പുറത്തുള്ള ഈ അതിമൗനം 'ദി റിട്ടേൺ' (മടക്കം) എന്ന റഷ്യൻ ചിത്രത്തെ ഒരു തീവ്രാനുഭവമാക്കി മാറ്റുന്നു.

പുതു തലമുറയിൽപ്പെട്ട ആന്ദ്രേ വ്യാജിന്റ്സേവ് എന്ന യുവ സംവിധായകന്റെ കന്നിച്ചിത്രമാണ് 2003-ൽ റിലീസ് ചെയ്യപ്പെട്ട 'ദി റിട്ടേൺ'. ഐസൻസ്റ്റീൻ, തർക്കോവ്സ്കി, സുഖറോവ് തുടങ്ങിയ മഹാരഥന്മാർ തീർത്ത റഷ്യൻ സിനിമയുടെ സർഗ്ഗപാരമ്പര്യവും

തികച്ചും ആധുനികമായ സംവേദ നക്ഷമതയും ഈ ചലച്ചിത്രത്തിൽ സമ്മേളിക്കുന്നു.വിഖ്യാതമായ വെനീസ് ചലച്ചിത്രമേളയിൽ ഈ സിനിമയ്ക്കു സുവർണ്ണ ലയൺ പുരസ്കാരം ലഭിച്ചു.

നീണ്ട പന്ത്രണ്ടു വർഷങ്ങളുടെ നിഗൂഢമായ അസാന്നിദ്ധ്യത്തിനു ശേഷം വീട്ടിലേക്കു മടങ്ങിയെത്തിയ അച്ഛനും രണ്ട് ആൺമക്കളും തമ്മിൽ ഏഴു ദിനങ്ങൾ മാത്രം നീണ്ടു നിൽക്കുന്ന ബന്ധമാണ് ചിത്രത്തിന്റെ പ്രതിപാദ്യം. ഒരു ഞായറാഴ്ചയിൽ തുടങ്ങി അടുത്ത ശനിയാഴ്ചയിൽ അവസാനിക്കുന്ന ഒരു ലഘു ജീവിതചിത്രം. തികച്ചും നേർത്ത ഒരു കഥാഗാത്രത്തിൽ മനുഷ്യമനസ്സിന്റെ അതിസൂക്ഷ്മ ചലനങ്ങളും ദുരൂഹതകളുമെല്ലാം സംവിധായകൻ വിദഗ്ദ്ധമായി ഒളിപ്പിച്ചിരിക്കുന്നു.

വിഷാദ മധുരമായ ഒരു ദിനാന്തത്തിൽ, ഗ്രാമത്തിലെ തുറസ്സായ ജലാശയത്തിൽ നല്ല ഉയരത്തിൽ സ്ഥാപിച്ചിട്ടുള്ള ഡൈവിംഗ് സ്റ്റാന്റിൽ നിന്നു മറ്റു കൂട്ടുകാരോടൊപ്പം താഴേക്കു ചാടുവാൻ ഭയന്ന്, അപകർഷതാബോധത്താൽ നീറി നിൽക്കുന്ന ഇവാൻ എന്ന ബാലന്റെ ദൃശ്യത്തിലാണ് ചിത്രത്തിന്റെ തുടക്കം. സുഹൃത്തുക്കളോടൊപ്പം ചേർന്ന്, ജ്യേഷ്ഠനായ ആന്ദ്രേയും തന്നെ പരിഹസിച്ചത് നിഷ്കളങ്കനായ അവനെ പ്രകോപിപ്പിക്കുന്നു. പിറ്റേന്ന്, അടിപിടിയിലെത്തിയ വഴക്കിനെത്തുടർന്ന് വീട്ടിലെത്തിയ അവരെ എതിരേറ്റത് അച്ഛൻ മടങ്ങിയെത്തിയിരിക്കുന്നു എന്ന വാർത്തയാണ്. "അച്ഛൻ ഉറങ്ങുകയാണ്, ശബ്ദമുണ്ടാക്കരുത്"- അമ്മ മുന്നറിയിപ്പു നൽകുന്നു. ഓർമ്മച്ചിത്രങ്ങളിലൊന്നും തെളിയാത്ത അച്ഛൻ! വിസ്മയചിഹ്നങ്ങളായി മാറി. രണ്ടു



പേരും ഉറങ്ങുന്ന അച്ഛനെ ഉറ്റു നോക്കുന്നു–അപരിചിതത്വത്തിന്റെ നീണ്ട ഉറക്കം.

ആന്ദ്രേയുടെയും ഇവാന്റെയും മനസ്സുകൾ രണ്ടു രീതിയിലാണ് അച്ഛനെ സ്വീകരിക്കുന്നത്. ഇവാൻ സംശയാലുവാണ്. അത് അച്ഛൻ തന്നെയെന്നുറപ്പിക്കാൻ അവൻ ഉപാധികൾ തേടുന്നു.
ആന്ദ്രേയാവട്ടെ, അല്പം കൂടി സഹിഷ്ണുതയോടെ അച്ഛനെ സ്വീകരിക്കുന്നു. തീൻമേശയ്ക്കു മുന്നിലെ അർത്ഥപൂർണ്ണമായ നിശ്ശബ്ദതയിൽ, അച്ഛൻ നടത്തുന്ന ചെറുതെങ്കിലും കർശനമായ ഇട

പെടലുകൾ കുട്ടികളുടെ മനോഭാവം കുറേക്കൂടി വ്യക്തമാക്കുന്നു. ഇവാൻ സന്തോഷവാനാണ്. എന്നാൽ അവന്റെ സംശയങ്ങൾ തീരുന്നില്ല. ആന്ദ്രേക്ക് അച്ഛനെ ഇഷ്ടമാണ്; അച്ഛന്റെ ശിക്ഷണങ്ങളോട് തുറന്നു പറയാത്ത ഒരു നീരസം ഉണ്ടെങ്കിൽപ്പോലും... അമ്മയുടെ ഏകതാനമായ സംരക്ഷണത്തിൻ കീഴിൽ കുട്ടികളിൽ വളർന്നിട്ടുള്ള അന്തർമുഖത്വവും ഇവിടെ കാണാം.

അടുത്ത ദിവസം രാവിലെ അച്ഛൻ കുട്ടികളുമായി ഒരു ഉല്ലാസയാത്ര പോകുന്നു. യാത്രക്കിടയിലെ നിരവധി സന്ദർഭങ്ങളിൽ, അവരുടെ അടഞ്ഞ മനസ്സുകൾ തുറന്ന്, സഹജമായ കഴിവുകൾ പുറത്തു കൊണ്ടുവരാൻ അച്ഛൻ നടത്തുന്ന കഠിനശ്രമങ്ങൾ ചിലപ്പോളെങ്കിലും നമ്മുടെ ഹൃദയത്തെ പൊള്ളിച്ചേക്കാം. എന്നാൽ, പ്രതിസന്ധികളെ സ്വയം നേരിടാൻ പ്രാപ്തരാക്കുന്നതിനു വേണ്ടി ഒരച്ഛൻ നൽകുന്ന ശാസനകളെ എങ്ങനെയാണ് അവഗണിക്കുക? നല്ല ഹോട്ടൽ കണ്ടു പിടിക്കുക, തീൻമേശമര്യാദകൾ പാലിക്കുക, പണമിടപാടു നടത്തുക തുടങ്ങിയ കൊച്ചു കാര്യങ്ങൾ പോലും വളരെ സൂക്ഷ്മതയോടെയാണ് അയാൾ അവരെ പരിശീലിപ്പിക്കുന്നത്. ഒരു ഘട്ടത്തിൽ, കുട്ടികളെ ആക്രമിച്ച് പണസഞ്ചിയുമായി കടന്നുകളഞ്ഞ തെമ്മാടിയെ കയ്യോടെ പിടികൂടി അവരുടെ മുമ്പിൽ കൊണ്ടുവന്നു നിർത്തുന്നു. അവനെ അടിക്കാനാവശ്യപ്പെട്ടെങ്കിലും ഈ ഘട്ടത്തിൽ പതറി പിന്മാറിയ കുട്ടികളെ കളിയാക്കി, പിടിച്ചുപറിക്കാരനെ സദയം പോകാനനുവദിക്കുന്നു. അവനു ഭക്ഷണത്തിനുള്ള പണവും നൽകുന്നു. ഇവിടെ അച്ഛൻ എന്ന കഥാപാത്രത്തിന് അസാധാരണമായ ഒരു മാനം കൈവരുന്നത് നാം കാണുന്നു. കാർക്കശ്യമേറിയ ശിക്ഷണങ്ങളിലും അയാൾ പ്രകടിപ്പിക്കുന്ന കരുതലും കാരുണ്യവും നമുക്കനുഭവപ്പെടുന്നത് ഇവിടം മുതൽക്കാണ്. മോഷ്ടാവിനു വെള്ളിയിൽ തീർത്ത മെഴുകുതിരിക്കാലുകൾ ദാനമായി നൽകിയ ബിഷപ്പിനെ ഓർമ്മിപ്പിക്കുന്ന, ദൈവത്തിന്റെ കയ്യൊപ്പു പതിഞ്ഞ, മറ്റൊരു ആവിഷ്കാരം.

ഇങ്ങനെയൊക്കെയാണെങ്കിലും, ആന്ദ്രേയുടെയും ഇവാന്റെയും മുന്നിൽ പലപ്പോഴും അച്ഛൻ ദുരൂഹതയുടെ കൂടാരമാണ്. ഒരവസരത്തിൽ, പരിപാടിയിൽ പെട്ടെന്നു മാറ്റം വരുത്തി, ബസ്സിൽ വീട്ടിലേക്കു മടങ്ങിക്കൊള്ളാൻ അയാൾ അവരോടു നിർദ്ദേശിക്കുന്നു. പിന്നീടു തീരുമാനം മാറ്റി, വിജനമായ ഒരു ദ്വീപിലേക്കു പുറപ്പെടാൻ തയ്യാറാവുന്നു. മീൻപിടിത്തം ഒരു ഇഷ്ട സ്വപ്നമായി കൊണ്ടുനടക്കുന്ന ഇവാനും ആന്ദ്രേയ്ക്കും, പിതാവിനെക്കുറിച്ചുള്ള ആശങ്കകൾക്കിടയിലും, ഈ

തീരുമാനം സ്വീകാര്യമായി. അവർ അജ്ഞാതദ്വീപിനെ സ്വപ്നം കണ്ടുറങ്ങുന്നു...

പിറ്റേന്ന്, കടവിലേക്കുള്ള യാത്രയ്ക്കിടയിൽ പെട്ടെന്നു മീൻപിടിക്കാൻ ആഗ്രഹം പ്രകടിപ്പിച്ചതിൽ കുപിതനായി ഇവാനെ വഴിയിലിറക്കി വിട്ട് അയാൾ കാറോടിച്ചു പോകുന്നു. പേമാരിയിൽ നനഞ്ഞു കുളിച്ച് അവൻ ആ വഴിയോരത്ത് കാത്തിരിക്കുന്നു. ഒടുവിൽ തന്നെ കൊണ്ടുപോകാനെത്തിയ അച്ഛനോട് അവൻ ഹൃദയമുരുകി



ചോദിക്കുന്നു: "നിങ്ങളെന്തിനാണ് മടങ്ങിവന്നത്?" പട്ടുപോലെ മൃദുലമായ ഇവാന്റെ മനസ്സു നോവുന്നത് ആർക്കാണു സഹിക്കാനാവുക? ഇവാന്റെയുള്ളിൽ നിറഞ്ഞു പെയ്യുന്ന വിഷാദമഴയിൽ പ്രേക്ഷകനും നനഞ്ഞു കുതിരുന്നു...

ദ്വീപിലേക്കുള്ള യാത്രയാരംഭിക്കുകയാണ്. അനന്തവിസ്തൃതമായ തടാകം പ്രതിസന്ധികൾ നിറഞ്ഞ ജീവിതത്തിന്റെ രൂപകമായി മാറുന്നു. ഏറെ തടസ്സങ്ങൾ പിന്നിട്ട് ചെറുബോട്ടിൽ അവർ ആ സ്വപ്നഭൂമിയിലെത്തുന്നു. കുട്ടികൾ കൗതുകക്കാഴ്ചകളിലും മീൻപിടുത്തത്തിലും സ്വയം മറക്കുമ്പോൾ അച്ഛന്റെ രഹസ്യപ്രവൃത്തികൾ നമ്മുടെ മനസ്സിൽ വീണ്ടും നിഗൂഢത നിറയ്ക്കുന്നു. ഒരു വൈകുന്നേരം, മീൻപിടിത്തത്തിൽ മുഴുകി കരയിലേക്കു മടങ്ങാൻ വൈകിയ കുട്ടികളെ അയാൾ കഠിനമായി ശകാരിക്കുന്നു. സമയനിഷ്ഠ മറന്നതിന് ആന്ദ്രേയെ അടിക്കുന്നു. ഈ സമയം, ഒളിപ്പിച്ചു വെച്ചിരുന്ന കത്തിയുമായി ഇവാൻ അച്ഛനെ നേരിടുന്നു. ഒടുവിൽ അച്ഛനെ തോൽപിക്കുവാൻ, ദ്വീപിലെ പുരാതനമായ ലൈറ്റ്ഹൗസിന്റെ മേൽക്കൂരയിൽ വലിഞ്ഞുകയറി ആത്മഹത്യാഭീഷണി മുഴക്കുന്നു. കഥാഗതിയിലെ വിധിനിർണ്ണായകമായ ഈ നിമിഷത്തിൽ, അവനെ രക്ഷിക്കാൻ ശ്രമിക്കുന്ന അച്ഛൻ നില തെറ്റി മരണത്തിലേക്കു നിപതിക്കുന്നു. പ്രതീക്ഷിച്ചതിനു നേർവിപരീതമായ ദുരന്തത്തിന്റെ ആഘാതം നിശ്ശബ്ദമായ ഒരു നിലവിളിയായി നമ്മുടെ ഹൃദയത്തിൽ നിറയുന്നു...സ്നേഹം വേദനയുടെ രൂപം കൈക്കൊള്ളുന്ന, ദൃശ്യസാക്ഷാത്കാരത്തിന്റെ മറ്റൊരു മുഹൂർത്തം.

അച്ഛന്റെ അപ്രതീക്ഷിത മരണം... ആദ്യമാത്രയിൽ തളർന്നു പോയെങ്കിലും അത് അവരെ വൈകാരികമായി പാകപ്പെടുത്തുന്നു. താമസിയാതെ കുട്ടികളിലെ ഗുപ്തശേഷികളുടെ പേടകം തുറക്കുന്നു. ചപലഹൃദയനായിരുന്ന ആന്ദ്രേ പിതാവിന്റെ നിലയിലേക്കു വളർന്ന് പെട്ടെന്നു തീരുമാനമെടുക്കുകയും നടപ്പാക്കുകയും ചെയ്യുന്നു. മുതിർന്ന ഒരാളെപ്പോലെ അയാൾ ഇവാനു നിർദ്ദേശങ്ങൾ നൽകുന്നു. പ്രതിസന്ധികളിലൂടെ കടന്നുപോകുമ്പോൾ ഒരു വ്യക്തിക്കുണ്ടാകുന്ന ക്രിയാത്മക വികാസം നമുക്കിവിടെ കാണാനാവുന്നു. സ്വന്തം പിതാവിന്റെ മരണത്തിലേക്കുള്ള മടക്കം, ക്രൂരമായ ജീവിതയാഥാർഥ്യങ്ങളിലേക്ക് അവരെ മടക്കിക്കൊണ്ടു വരുന്നു. ഏതു വിധേനയും അച്ഛന്റെ മൃതദേഹം വീട്ടിലെത്തിക്കാനുള്ള കഠിന പരിശ്രമത്തിൽ അവർ ഏർപ്പെടുന്നു. എല്ലാം മുൻകൂട്ടി കണ്ടതു പോലെ അച്ഛൻ നൽകിയ തീവ്രപരിശീലനത്തിന്റെ ഓർമ്മ, പിടികിട്ടാത്ത ഒരു സമസ്യയായി, തീരാവ്യഥയായി പ്രേക്ഷകമനസ്സിൽ ചേക്കേറുന്നു..

വിജനമായ ദ്വീപിൽ ലഭ്യമായ പരിമിതമായ സൗകര്യങ്ങൾ പ്രയോജനപ്പെടുത്തി രണ്ടു പേരും ചേർന്ന് മൃതദേഹം മറുകരയിലെത്തിക്കുക തന്നെ ചെയ്യുന്നു. അപ്പോഴേക്കും തളർന്ന് അവശരായ അവർ അല്പനേരം വിശ്രമിക്കുന്നു. അച്ഛാ.. എന്ന ആന്ദ്രേയുടെ വിളികേട്ട് കണ്ണു തുറക്കുന്ന ഇവാൻ കാണുന്നത്, തിരയിളക്കത്തിൽ തടാകത്തിലേക്കിറങ്ങിപ്പോയ ബോട്ട് അച്ഛനേയും കൊണ്ട് പതിയെ ആഴത്തിലേക്കു മറയുന്നതാണ്. ജീവിതത്തിലാദ്യമായി സംശയലേശമെന്യേ അച്ഛാ..എന്ന് ഉറക്കെ നിലവിളിച്ചുകൊണ്ട് അവൻ അതിനു പിന്നാലെ പായുന്നു...

ലോക സിനിമകളിൽ, ഏറ്റവും ഹൃദയദ്രവീകരണശേഷിയുള്ള ഒരു ചലച്ചിത്രാനുഭവമാണ് "ദി റിട്ടേൺ" നമുക്കു നൽകുന്നത്. നമുക്കു തികച്ചും അന്യമായ മറ്റൊരു ഭൂഖണ്ഡത്തിൽ, തീർത്തും വ്യത്യസ്തമായ സാമൂഹ്യ പരിസരങ്ങളിൽ നിന്നുള്ള ഈ ജീവിതചിത്രത്തിന് എങ്ങനെയാണ് ഏഷ്യാവൻകരയിൽ ഇന്ത്യയുടെ തെക്കേ അറ്റത്തു ജീവിക്കുന്ന നമ്മുടെ മനസ്സിനെ ഇത്രമാത്രം മഥിക്കാൻ കഴിയുന്നത്? ആന്ദ്രേയുടെയും ഇവാന്റെയും ജീവിതാനുഭവങ്ങൾ, തീർച്ചയായും നമ്മുടെയൊക്കെ ഭൂത, വർത്തമാനങ്ങളിലായി ചിതറിക്കിടപ്പുള്ളവ തന്നെയാണ്. ഈയൊരു സാർവജനീന സ്വഭാവം തന്നെയാണ്, സ്ഥലവും കാലവുമെല്ലാം മറന്ന് ഈ കഥാപാത്രങ്ങളുമായി വൈകാരികമായ 'ഷെയറിംഗ്' സാധ്യമാക്കുവാൻ നമ്മെ സഹായിക്കുന്ന പ്രധാന ഘടകം.

ദൃശ്യബിംബം 'ടെക്സ്റ്റ്' ആണെങ്കിൽ ഈ സിനിമയിലെ ഓരോ ദൃശ്യത്തിലും നിരവധി സബ്ടെക്സ്റ്റുകൾ അഥവാ ആന്തരപാഠങ്ങൾ കൂടി അടങ്ങിയിട്ടുള്ളതായി കാണാം. ആസ്വാദകന്റെ വ്യാഖ്യാന സൗകര്യത്തിനായി, ഇവ വിശദീകരിക്കുന്നതിൽ നിന്നു സംവിധായകൻ ബുദ്ധിപൂർവം ഒഴിഞ്ഞു നിൽക്കുന്നു. അച്ഛന്റെ അജ്ഞാത വാസം, ദ്വീപിൽ നിന്ന് അയാൾ കുഴിച്ചെടുക്കുന്ന പേടകം തുടങ്ങി പലതും ചിത്രാന്ത്യത്തിൽപ്പോലും അതീവരഹസ്യങ്ങളായിത്തന്നെ തുടരുന്നു. ഈ നിഗൂഢസൗന്ദര്യം സിനിമയ്ക്കു നൽകുന്ന അധികമാനം പ്രത്യേകം ശ്രദ്ധേയമാണ്.

ദി റിട്ടേൺ (മടക്കം) എന്ന ശീർഷകം അർത്ഥഗർഭമായിത്തീരുന്ന പല സീക്വൻസുകളും ചിത്രത്തിലുണ്ട്. പന്ത്രണ്ടു വർഷത്തിനു ശേഷമുള്ള അച്ഛന്റെ മടങ്ങിവരവ്, അന്തർമുഖ ജീവിതത്തിൽ നിന്നു യാഥാർത്ഥ്യങ്ങളിലേക്കുള്ള കുട്ടികളുടെ വളർച്ച, അച്ഛന്റെ മരണശേഷമുള്ള കുട്ടികളുടെ മടക്കം, ഒടുവിൽ തടാകത്തിന്റെ അടിത്തട്ടിലേക്കുള്ള പിതാവിന്റെ അന്ത്യയാത്ര... അങ്ങനെ, നിരവധി മടക്കയാത്രകൾ...

ടാഗോർ പറഞ്ഞതു കടമെടുത്താൽ, ചില വാക്കുകൾക്ക് സ്ഥിരമായ ഉപയോഗത്താൽ അർത്ഥം നഷ്ടപ്പെട്ടിട്ടുള്ളതുപോലെ ചില വാക്കുകൾക്ക് ഉപയോഗത്തിലൂടെ ഇനിയും അർത്ഥം തെളിഞ്ഞു കിട്ടാനുമുണ്ട്. അച്ഛൻ എന്ന വാക്കിന്റെ അർത്ഥം വീണ്ടെടുക്കലും ജീവിതമെന്ന വാക്കിന്റെ നാനാർത്ഥങ്ങൾ തേടലുമാണ് ഈ ചലച്ചിത്രം ചെയ്യുന്നതെന്ന് ചുരുക്കിപ്പറയാം.

സിനിമയുടെ രണ്ടാം പകുതി മുഴുവൻ അരൂപിയായി നിറഞ്ഞു നിൽക്കുന്ന മരണം എന്ന കഥാപാത്രം, അവസാനം സിനിമയിൽ നിന്നു ജീവിതത്തിലേക്കു പ്രവേശിച്ച മറ്റൊരു ദുരന്ത സന്ദർഭത്തെക്കുറിച്ചു കൂടി പറഞ്ഞാലേ ഈ കുറിപ്പു പൂർത്തിയാക്കാനാവൂ. ചിത്രത്തിൽ ആന്ദ്രേ എന്ന കഥാപാത്രത്തെ അനശ്വരമാക്കിയ വ്ളാഡിമിർ ഗാരിൻ എന്ന കുമാരൻ ആദ്യപ്രദർശനത്തിനു മുൻപേ, സിനിമ ചിത്രീകരിച്ച തടാകത്തിൽ തന്നെ മുങ്ങി, അപമൃത്യുവിനിരയായി.

സിനിമയെ ജീവിതത്തിലേക്കും ജീവിതത്തെ സിനിമയിലേക്കും സന്നിവേശിപ്പിക്കുമ്പോൾ ഒരു ചോദ്യം മാത്രം വീണ്ടും അവശേഷിക്കുന്നു: ഏതാണ് യാഥാർത്ഥ്യം? സിനിമയോ അതോ ജീവിതമോ?

വേദാന്ത വൃത്താന്തം

# വിദ്യാരംഭം കുറിച്ചു



ഒക്‌ടോബർ 9 വിജയദശമി നാളിൽ നിത്യനികേതനത്തിൽ വച്ചു നടന്ന വിദ്യാരംഭ ത്തിൽ സ്വാമി സുധി കുട്ടികളെ എഴുത്തിനിരുത്തി. അതിനുശേഷം വൺ-വേൾഡ് ചിൽഡ്രൺസ് സൊസൈറ്റിയിലെ കുട്ടികളുമായി സ്വാമിയുടെ ഹൃദയസംവാദം ഉണ്ടായിരുന്നു. കുട്ടികളിലെ അന്വേഷ ണാത്മകതയെ പ്രചോദിപ്പിക്കുന്ന തരത്തിലുള്ള കൊച്ചുകൊച്ച് ആശയസംവാദമായിരുന്നു അത്. അന്നുതന്നെ 11 മണിയ്ക്ക് 'ഭാരതീയജ്ഞാനപാരമ്പര്യം' എന്ന വിഷയത്തെ ആസ്പദമാക്കി ക്ഷണിക്കപ്പെട്ട ജിജ്ഞാസുക്കൾക്കുവേണ്ടി ദീർഘമായ ഒരു പ്രഭാഷണം സ്വാമി സുധി നടത്തി. ഭാരതത്തിന്റെ ആദിഗുരുവായ ദക്ഷിണാമൂർത്തി മുതൽ നാരായണഗുരുവരെ എത്തിനിൽക്കുന്ന ആ ജ്ഞാനപാരമ്പര്യത്തെ വിശദീകരിച്ചു കൊണ്ടായിരുന്നു പ്രഭാഷണം. ഉച്ചയ്ക്ക് ഡോ. സത്യദേവും ശ്രീമതി സുധ സത്യദേവും ചേർന്നൊരുക്കിയ ഗുരുപ്രസാദമായ ഉച്ചഭക്ഷണം കഴിച്ച് എല്ലാവരും പിരിഞ്ഞു.

# ഗുരു നിത്യചൈതന്യയതി ജയന്തി

ഗുരു നിത്യചൈതന്യയതിയുടെ ജന്മദിനമായ നവംബർ രണ്ടിന് കോട്ടയം S.N.D.P യൂണിയൻ ശ്രീ നാരായണധർമ്മപ്രചാരക പഠനകേന്ദ്രത്തിൽവച്ച് 'ഗുരു നിത്യചൈതന്യയതി: ജീവിതവും ദർശനവും' എന്ന വിഷയത്തെ പുരസ്ക്കരിച്ച് സ്വാമി സുധി വിശിഷ്ടമായ ഒരു സദസ്സിനുമുമ്പിൽ സംസാരിച്ചു. നാരായണഗുരു, നടരാജഗുരു, ഗുരു നിത്യചൈതന്യയതി - ഈ ഗുരുത്രയത്തിന്റെ ജ്ഞാനമഹിമയെ പ്രകീർത്തിച്ചുകൊണ്ടുള്ളതായിരുന്നു പ്രഭാഷണം. ശ്രോതാക്കളിൽ പലർക്കും ഇതു പുതുമയുള്ള ഒരനുഭവമായി മാറി.

# ആത്മോപദേശശതകം ഭഗവദ്ഗീത

പൂത്തോട്ടയിലുള്ള ഡോ. എണ്ണാക്കത്തറ പ്രഭാകരന്റെ വസതിയിൽവച്ചു നടത്തുന്ന 'ആത്മോപദേശശതകം സാധനാപ്രഭാഷണം' രണ്ടു ശ്ലോകങ്ങൾ കഴിഞ്ഞു. എല്ലാ മാസവും രണ്ടാമത്തെ ഞായറാഴ്ച വൈകിട്ട് 5.30 നായിരിക്കും പ്രഭാഷണം തുടങ്ങുക. എല്ലാ ഞായറാഴ്ചകളിലും 'ഭഗവദ്ഗീതാസ്വാദ്ധ്യായം' രാവിലെ പത്തുമണിക്ക് നിത്യനികേതനത്തിൽ തുടരുന്നു. പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ഫോണിൽ വിളിച്ച് ബന്ധപ്പെടുക.